## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.131 — 04.06.2018 ൽ മറുപടിയ്ക്ക്

### പോലീസ് അസോസിയേഷൻ സമ്മേളനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാന പോലീസ് അസോസിയേഷൻ സമ്മേളനം രാഷ്ട്രീയവൽക്കരിച്ചുവെന്ന ആരോപണം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | എങ്കിൽ അത് പരിഹരിക്കാൻ ചെയ്ത കാര്യങ്ങൾ വിവരിക്കാമോ; | (ബി) | ബാധകമല്ല. |
| (സി) | പോലീസ് അസോസിയേഷൻ സമ്മേളനങ്ങളിൽ സ്തൂപം സ്ഥാപിക്കൽ, രക്തസാക്ഷികൾക്ക് അഭിവാദ്യമർപ്പിക്കൽ തുടങ്ങിയ കാര്യങ്ങൾ നിലവിലെ നിബന്ധനകൾ പ്രകാരം അനുവദനീയമാണോ; എങ്കിൽ വിശദാംശം നൽകാമോ; | (സി) | പോലീസ് അസോസിയേഷൻ സമ്മേളനങ്ങളിൽ സ്തൂപം സ്ഥാപിക്കൽ, രക്തസാക്ഷികൾക്ക് അഭിവാദ്യമർപ്പിക്കൽ തുടങ്ങിയ കാര്യങ്ങൾ നിലവിലുള്ള നിയമങ്ങളുടെ ലംഘനമാകുന്നില്ല. |
| (ഡി) | പോലീസ് അസോസിയേഷൻ സമ്മേളനങ്ങൾക്ക് നിഷ്കർഷിച്ച മാനദണ്ഡങ്ങൾ/ ചട്ടങ്ങൾ എന്നിവ സൂചിപ്പിക്കുന്ന സർക്കാർ ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ? | (ഡി) | അനുബന്ധമായി വച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# കേരള പോലീസ് അസോസിയേഷൻ

## ഭരണഘടന

കേരള ഗവൺമെന്റ് ജി.ഒ. (എം.എസ്സ്)
നമ്പർ 134/79/ഹോം തീയതി 04-10-1979

# കേരള പോലീസ് അസോസിയേഷൻ

## ഭരണഘടനാ ചട്ടങ്ങൾ

1. **പേര്** : ഈ സംഘടനയുടെ പേര് കേരളാ പോലീസ് അസോസിയേഷൻ എന്നായിരിക്കും.

1 (എ) **പതാക** : സമാധാനത്തിന്റെ സന്ദേശം ഉണർത്തുന്ന നീലനിറത്തിലുള്ളതും വെള്ള നിറത്തിലുള്ളതും വൃത്തത്തിനുള്ളിൽ യൂണിഫോം അണിഞ്ഞ ഒരു പോലീസ് ഉദ്യോഗസ്ഥൻ കേരള പോലീസ് അസോസിയേഷൻ എന്ന് ആലേഖനം ചെയ്ത് ഭൂഗോളം മുഴുവൻ പ്രകാശം പരത്തി ഒരു കൈയിൽ ദീപശിഖയും മറുകൈയിൽ നീതിയുടെ തുലാസും ഏന്തിയ പോലീസുകാരൻ 3 അടി നീളവും 2 അടി വീതിയും അളവോടുകൂടിയതായിരിക്കും പോലീസ് അസോസിയേഷന്റെ അംഗീകൃത പതാക.

*നം. 1 (എ) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 45-ൽ നോക്കുക)*

2. **പരിധി** : അസോസിയേഷന്റെ യൂണിറ്റ്/നിയോജക മണ്ഡലം, ജില്ല, സംസ്ഥാന കമ്മിറ്റികളോടു കൂടി സംസ്ഥാനതലത്തിലുള്ള ഒരു സംഘടനയായിരിക്കും അസോസിയേഷന്റെ പ്രവർത്തനങ്ങൾ കേരള സംസ്ഥാനത്തിൽ മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.

*നം. 2 ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 45-ൽ നോക്കുക)*

3. **ആഫീസ്** : അസോസിയേഷന്റെ കേന്ദ്ര ഓഫീസ് തിരുവനന്തപുരത്തായിരിക്കും. ജില്ലാ കമ്മിറ്റി ആഫീസുകൾ അതാത് യൂണിറ്റ് ആസ്ഥാനങ്ങളിലായിരിക്കും.

*നം. 3 ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 45-ൽ നോക്കുക)*

4. **നിർവചനം** : മറ്റുവിധത്തിൽ ആവശ്യമായി വരുന്ന സന്ദർഭത്തിലോ, മറ്റുതരത്തിൽ പ്രസ്താവിക്കപ്പെടുകയോ ചെയ്യാത്തപക്ഷം.

4(എ) അസോസിയേഷനുകൾ എന്നാൽ വകുപ്പു മേധാവിയാൽ അംഗീകരിക്കപ്പെട്ട കേരളാ പോലീസ് അസോസിയേഷൻ എന്നും ഇന്നു മുതൽ അസോസിയേഷൻ എന്നറിയപ്പെടുന്നതും എന്നർത്ഥമാകുന്നു.

4(ബി) ജില്ലാ കമ്മിറ്റി

*നം. 4 (ബി) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 45-ൽ നോക്കുക)*

4(ബി)(1) കേരള പോലീസിലെ താഴെ പറയുന്ന വിഭാഗങ്ങളിൽ സേവന മനുഷ്ഠിക്കുന്ന സീനിയർ സിവിൽ പോലീസ് ഓഫീസർ/ ഹവിൽദാർ പദവിയിലുള്ളവരും ഈ ഭരണഘടന വ്യവസ്ഥകൾക്കനുസരണമായി രൂപീകരിച്ചിട്ടുള്ള സംസ്ഥാന കമ്മിറ്റിയുടെ കീഴിൽ ജില്ലാ കമ്മിറ്റിയായി സംഘടിപ്പിച്ചിട്ടുള്ള വ്യവസ്ഥാപിത ഘടകം എന്നർത്ഥമാകുന്നു.

1. പോലീസ് ജില്ലകൾ
2. സായുധ പോലീസ് ബറ്റാലിയനുകൾ
3. ടെലികമ്മ്യൂണിക്കേഷൻ
4. കേരള പോലീസ് അക്കാഡമി
5. പുതുതായി രൂപീകരിക്കപ്പെടുന്ന ജില്ലകളോ/ സായുധ പോലീസ് ബറ്റാലിയനുകളോ അവയും

*നം. 4(ബി)(1) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 46-ൽ നോക്കുക)*

4(സി) അംഗം എന്നാൽ അസോസിയേഷനിലെ ഒരംഗം എന്നർത്ഥമാകുന്നു.

4(ഡി) യോഗ്യനായ അംഗം എന്നാൽ ഈ ചട്ടങ്ങൾപ്രകാരം അംഗത്വത്തിനർഹതയുള്ളതും, അതുപ്രകാരം അയോഗ്യനാക്കിയിട്ടില്ലാത്തതുമായ ഒരംഗം എന്നർത്ഥമാകുന്നു.

4(ഇ) ഔദ്യോഗിക ഭാരവാഹി എന്നാൽ ജില്ല/ബറ്റാലിയൻ/യൂണിറ്റു തലത്തിലോ, സംസ്ഥാന തലത്തിലോ അസോസിയേഷന്റെ പ്രവർത്തനം നടത്തുന്നതിന് രൂപീകരിച്ചിട്ടുള്ള സമിതിയിലേക്ക്, തെരഞ്ഞെടുക്കപ്പെട്ടതോ, നാമനിർദ്ദേശം ചെയ്യപ്പെട്ടതോ, അതിലേക്ക് മറ്റുവിധത്തിൽ എടുക്കപ്പെട്ടതോ ആയ ഒരംഗം എന്നർത്ഥമായിരിക്കുന്നതുമാകുന്നു.

4(എഫ്) ജില്ലാ മേധാവി എന്നാൽ ഒരു ജില്ലയുടെയോ ബറ്റാലിയന്റെയോ ടെലികമ്മ്യൂണിക്കേഷന്റെയോ, പോലീസ് അക്കാഡമി വിഭാഗത്തിന്റെയോ ചുമതല വഹിക്കുന്ന ജില്ലാ പോലീസ് മേധാവി/കമാണ്ടന്റ്/പോലീസ് സൂപ്രണ്ട്/ഡയറക്ടർ എന്നർത്ഥമാകുന്നു.

*നം. 4(എഫ്) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 46-ൽ നോക്കുക)*

4(ജി) സ്പെഷ്യൽ യൂണിറ്റ്/പ്രത്യേക വിഭാഗം എന്നാൽ കേരളാ പോലീസിലെ, പോലീസ് ജില്ലകൾ, ജില്ലാ സായുധ റിസർവുകൾ സായുധ പോലീസ് ബറ്റാലിയനുകൾ എന്നീ വിഭാഗങ്ങൾ ഒഴിച്ചുള്ള എല്ലാ വിഭാഗങ്ങളും അഴിമതി അന്വേഷണ ഡയറക്ട്രേറ്റും ഉൾക്കൊള്ളുന്നതായിരിക്കുമെന്നർത്ഥമാകുന്നു.

4(എച്ച്) സംസ്ഥാന കമ്മിറ്റി എന്നാൽ ഓരോ ജില്ല കമ്മിറ്റികളിലെയും തെരഞ്ഞെടുക്കപ്പെട്ട യോഗ്യതയുള്ള നിർവാഹക സമിതി അംഗങ്ങൾ ഉൾപ്പെട്ട കമ്മിറ്റി എന്ന് അർത്ഥമാകുന്നു.

*നം. 4(എച്ച്) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 46-ൽ നോക്കുക)*

4(എച്ച്) (1) ജില്ലാ കമ്മിറ്റി എന്നാൽ ബന്ധപ്പെട്ട യൂണിറ്റിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട് വരുന്ന യോഗ്യതയുള്ള അംഗങ്ങൾ ഉൾപ്പെട്ട കമ്മിറ്റി എന്ന് അർത്ഥമാകുന്നു.

4(എച്ച്) (2) ജനറൽ ബോഡി എന്നാൽ സംസ്ഥാന / ജില്ല കമ്മിറ്റികളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ നിന്നും അതിൽ ഏതാണെന്ന് വെച്ചാൽ അതിലെ യോഗ്യതയുള്ള എല്ലാ അംഗങ്ങളും ഉൾപ്പെട്ട പൊതുയോഗം എന്ന് അർത്ഥമാകുന്നു.

*നം. 4(എച്ച്) (1), 4(എച്ച്)(2) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 46-ൽ നോക്കുക)*

4(ഐ) വകുപ്പുമേധാവി എന്നാൽ പോലീസ് ഡയറക്ടർ ജനറൽ എന്നർത്ഥമാകുന്നു.

*നം. 4(ഐ) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 46-ൽ നോക്കുക)*

4(ജെ) പോലീസ് സ്റ്റാഫ് കൗൺസിൽ എന്നാൽ യൂണിറ്റ് തലത്തിലോ, സംസ്ഥാന തലത്തിലോ, നിർദ്ദിഷ്ടമായ വിധം

തെരഞ്ഞെടുക്കപ്പെട്ടതോ, നാമനിർദ്ദേശം ചെയ്യപ്പെട്ടതോ, മറ്റുവിധത്തിൽ അതിലേയ്ക്ക് എടുക്കപ്പെട്ടതോ ആയ എല്ലാ പദവിയിലുള്ള പോലീസ് ഉദ്യോഗസ്ഥന്മാർക്കും പ്രാതിനിധ്യമുള്ള ഒരു സമിതിയെന്നർത്ഥമാകുന്നു.

4(കെ) ജോയിന്റ് കൺസൾട്ടേറ്റീവ് പോലീസ് കൗൺസിൽ എന്നാൽ സംസ്ഥാന പോലീസ് സ്റ്റാഫ് കൗൺസിലിൽ നിന്നും നിർദ്ദിഷ്ടമായവിധം തെരഞ്ഞെടുക്കപ്പെട്ടതോ, നാമനിർദ്ദേശം ചെയ്യപ്പെട്ടതോ അതിലേക്ക് മറ്റുവിധത്തിൽ എടുത്തിട്ടുള്ളതോ ആയ പ്രതിനിധികളും, കേരളാ ഗവൺമെന്റിന്റെ പ്രതിനിധികളായി അതാത് സമയം ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യുന്ന പ്രതിനിധികളും ഉൾക്കൊള്ളുന്ന സംസ്ഥാന തലത്തിലുള്ള ഒരു സമിതി എന്നർത്ഥമാകുന്നു.

5. **ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും**

5 (1) അസോസിയേഷൻ പരിപൂർണ്ണമായും ഒരു രാഷ്ട്രീയേതര സംഘടനയായി, 1966-ലെ 33-ാം ആക്ടായ Police forces (Restriction of Rights) Act 1966 ഉം, അതിൻപ്രകാരം നിർമ്മിച്ചിട്ടുള്ള ചട്ടങ്ങളും, 1961ലെ 5-ാം ആക്ടായ Kerala Police Act 1960ഉം മറ്റേതെങ്കിലും നിയമമോ, ചട്ടമോ അനുശാസിക്കുന്ന സംസ്ഥാന പോലീസിന്റെ സേവനവ്യവസ്ഥകൾ, അച്ചടക്കം, ചുമതലകൾ, അവകാശങ്ങൾ എന്നിവ സംബന്ധിക്കുന്ന വ്യവസ്ഥകളും നിലവിലുള്ളതും അതാത് സമയം നിർമ്മിക്കുന്ന മേൽപ്പറഞ്ഞവ സംബന്ധിച്ച നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന പരിധിക്കകത്ത് നിന്ന് പ്രവർത്തിക്കുന്നതാകുന്നു.

5 (2) അംഗങ്ങൾക്ക് പണിമുടക്കുന്നതിനോ, സേവനങ്ങൾ നിർത്തിവയ്ക്കുന്നതിനോ, ചുമതലകൾ നിർവ്വഹിക്കുന്നതിൽ മറ്റേതെങ്കിലും വിധത്തിൽ കാലതാമസമുണ്ടാക്കുന്നതിനോ, ബലപ്രയോഗത്തിന്റെയോ, ഭീഷണിയുടെയോ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനോ, പ്രക്ഷോഭങ്ങൾ നടത്തുന്നതിനോ, പ്രകടനങ്ങളിൽ പങ്കുകൊള്ളുന്നതിനോ, ഏതെങ്കിലും ഒരംഗത്തിന്റെയോ അല്ലെങ്കിൽ പോലീസ് സൈന്യത്തിന്റെ ആകെയോ ഉള്ള നിഷ്പക്ഷത, കാര്യക്ഷമത, അച്ചടക്കം മുതലായവ നശിപ്പിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങളിലോ പങ്കെടുക്കുവാനുള്ള അവകാശം ഉണ്ടായിരിക്കുന്നതല്ല.

5 (3) അസോസിയേഷൻ അംഗത്വം കേരളാ പോലീസിലെ അംഗങ്ങൾക്കു മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ളതും, കേരളാ പോലീസിൽ നിന്നൊഴികെ യാതൊരാളും, ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥനാണെങ്കിലും അല്ലെങ്കിലും, അംഗത്വത്തിനോ, അസോസിയേഷന്റെ ഔദ്യോഗിക ഭാരവാഹിയായി പ്രവർത്തിക്കുന്നതിനോ, അതുമായി ബന്ധപ്പെട്ട് ഉപദേശകനെന്ന നിലയിലോ, ഹോണററി പദവിയിലോ മറ്റ് ഏതെങ്കിലും നിലയിലോ പ്രവർത്തിക്കുവാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

5 (4) അസോസിയേഷൻ സ്വയം പ്രത്യക്ഷമായോ, പരോക്ഷമായോ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയോ, അന്യ സംഘടനകളോ, വ്യക്തികളോ ആയി ബന്ധപ്പെടുകയോ, ബന്ധമുണ്ടാക്കാൻ ശ്രമിക്കുകയോ, സംസ്ഥാനത്തെയോ, അന്യസംസ്ഥാനത്തെയോ കേന്ദ്ര സർക്കാരിന്റെയോ മറ്റു സിവിൽ ജീവനക്കാരുടെ സംഘടനയോ, യൂണിയനോ, ഫെഡറേഷനോ ആയി അഫിലിയേറ്റ് ചെയ്യുകയോ, അഫിലിയേഷനുവേണ്ടി ശ്രമിക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

5 (5) അസോസിയേഷൻ താഴെ പറയുന്ന ലക്ഷ്യങ്ങൾക്കായി നിലകൊള്ളുന്നു.

5(5)(എ) പോലീസ് സേനയിലെ വിവിധ തസ്തികയിലുള്ളവർക്കിടയിൽ ഐകമത്യം, സാഹോദര്യം, പരസ്പരധാരണ എന്നിവ വളർത്തിയെടുക്കുക.

5(5)(ബി) പോലീസ് പ്രവർത്തിയിൽ മതിപ്പും ഉത്തരവാദിത്വബോധവും വളർത്തുക.

5(5)(സി) അംഗങ്ങൾക്കിടയിൽ അച്ചടക്കവും, കൂറും ദേശീയബോധവും വളർത്തുക.

5(5)(ഡി) സമൂഹത്തോടും അതിലെ ഓരോ വിഭാഗത്തോടും നല്ല ബന്ധമുണ്ടാക്കുന്നതിന് സഹായിക്കുക.

5(5)(ഇ) അസോസിയേഷന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്ന ചട്ടങ്ങൾക്കനുസരണമായി പോലീസ് സേനയിലെ അംഗങ്ങളുടെ പൊതുതാൽപ്പര്യങ്ങൾ സംരക്ഷിക്കുക.

5(5)(എഫ്) പോലീസ് സേനാംഗങ്ങളുടെ യഥാർത്ഥ ബുദ്ധിമുട്ടുകൾക്ക്

പരിഹാരം കണ്ടെത്തുകയും അതിനായി ഫലപ്രദമായി പ്രവർത്തിക്കുകയും ചെയ്യുക.

5(5)(ജി) പോലീസ് സേനാംഗങ്ങളുടെ ജീവിതനിലവാരവും, ഔദ്യോഗിക നിലവാരവും മെച്ചപ്പെടുത്തുകയും, ധാർമ്മിക സാംസ്ക്കാരിക മൂല്യങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിനു വേണ്ടി പ്രവർത്തിക്കുക.

5(5)(എച്ച്) ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ കൊല്ലപ്പെടുകയോ മരണപ്പെടുകയോ അംഗഭംഗപ്പെടുകയോ ഗുരുതരമായ അവസ്ഥയിൽ ചികിത്സയ്ക്ക് വിധേയമാകു കയോ ചെയ്യുന്നവരുടെ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുക.

*നം. 5(5)(എച്ച്) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 47-ൽ നോക്കുക)*

5(5)(ഐ) സമൂഹത്തിന് നൽകുന്ന പോലീസ് സേവനത്തിന്റെ രൂപ ഭാവങ്ങൾ മെച്ചപ്പെടുത്തുന്നതിനെ ലക്ഷ്യമാക്കിക്കൊണ്ടുള്ള സൃഷ്ടിപരമായ നിർദ്ദേശങ്ങൾ സമർപ്പിക്കുക.

5(5)(ജെ) സംസ്ഥാന പോലീസ് മേധാവിയുടെ അംഗീകാരത്തിനു വിധേയമായി, അസോസിയേഷൻ അംഗങ്ങൾക്കും അവരുടെ കുടുംബത്തിലെ മറ്റംഗങ്ങൾക്കും വേണ്ടി പ്രസിദ്ധീ കരണങ്ങൾ, ഗ്രന്ഥശാലകൾ, വായനശാലകൾ, ക്ലബ്ബുകൾ, സാംസ്കാരിക പരിപാടികൾ, കോച്ചിംഗ് ക്ളാസുകൾ തുടങ്ങിയവയും മറ്റ് സേവനങ്ങളും സംഘടിപ്പിച്ച് വിദ്യാഭ്യാസ വിനോദ സൗകര്യങ്ങൾ ഉണ്ടാക്കുക.

*നം. 5(5)(ജെ) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ ആഭ്യന്തരം തീയതി : 20-08-2015) (പേജ് നമ്പർ 47-ൽ നോക്കുക)*

**6 എ. അംഗത്വം**

6(എ)(1) കേരള പോലീസിലെ സീനിയർ സിവിൽ പൊലീസ് ഓഫീസർ/ഹവിൽദാർ തസ്തികകളിലും അതിനു താഴെ തസ്തികകളിലും സേവനം നടത്തുന്ന പ്രൊബേഷൻ പൂർത്തീകരിച്ച അംഗങ്ങൾക്കുമായി അസോസിയേഷൻ അംഗത്വം പരിമിതപ്പെടുത്തിയിരിക്കുന്നു.

*നം. 6(എ)(1) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 47-ൽ നോക്കുക)*

6(എ)(2) അംഗത്വഫീസ് ഓരോ അംഗത്തിനും വർഷത്തിൽ 120 ക (പ്രതിമാസം 10 ക) വീതം അംഗത്വ ഫീസ് ഉണ്ടായിരിക്കുന്നതാണ്.

*നം. 6(എ)(2) ഭേദഗതി - ജി.ഒ.(കൈ) നമ്പർ 76/2013/ആഭ്യന്തരം തീയതി : 23-03-2013 (പേജ് നമ്പർ 42-ൽ നോക്കുക)*

6(എ)(3) പ്രവേശനഫീസ് ഓരോ അംഗത്തിനും 25 രൂപാ വീതം അംഗത്വത്തിനപേക്ഷിക്കുമ്പോൾ പ്രവേശനഫീസ് ഉണ്ടായിരിക്കുന്നതാണ്.

*നം. 6(എ)(3) ഭേദഗതി - ജി.ഒ.(കൈ) നമ്പർ 76/2013/ആഭ്യന്തരം തീയതി : 23-03-2013 (പേജ് നമ്പർ 42-ൽ നോക്കുക)*

6(എ)(4) അംഗങ്ങളിൽ നിന്നുള്ള സംഭാവന എല്ലാ വർഷവും സംസ്ഥാന സമ്മേളനം നടത്തുന്നതിനായി അംഗങ്ങളിൽ നിന്നും 100 രൂപാ വീതം അസോസിയേഷന് സ്വരൂപിക്കാവുന്നതാണ്. എന്നാൽ സ്വകാര്യ വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽനിന്നോ ഈ ആവശ്യത്തിലേക്ക് പണം സ്വരൂപിക്കാൻ പാടുള്ളതല്ല.

*നം. 6(എ)(4) ഭേദഗതി - ജി.ഒ.(കൈ) നമ്പർ 76/2013/ആഭ്യന്തരം തീയതി : 23-03-2013) (പേജ് നമ്പർ 42-ൽ നോക്കുക)*

**6ബി. അംഗത്വം അവസാനിക്കലും അംഗത്വത്തിനുള്ള അയോഗ്യതകളും**

താഴെപ്പറയുന്ന അവസരങ്ങളിൽ അസോസിയേഷനിലെ ഒരംഗത്തിന്റെ അംഗത്വം സ്വയം അവസാനിക്കുകയോ, അല്ലെങ്കിൽ അംഗത്തിന് അയോഗ്യത കൽപ്പിച്ച് നിർത്തുകയോ ചെയ്യുന്നതായിരിക്കും.

6(ബി)(1) നിർദ്ദിഷ്ടമായ അംഗത്വഫീസ് തുടർച്ചയായി മൂന്നതവണ കൊടുക്കേണ്ട തീയതിക്കുശേഷവും വീഴ്ച വരുത്തിയാൽ

6(ബി)(2) ഒരാൾ താൻ അംഗമായിരിക്കുന്ന സമിതിയുടെ മൂന്ന് യോഗങ്ങളിൽ മതിയായ കാരണങ്ങൾ കൂടാതെ തുടർച്ചയായി പങ്കുകൊള്ളാതിരുന്നാൽ.

*നം. 6(ബി)(2) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 47-ൽ നോക്കുക)*

6(ബി)(3) (നീക്കം ചെയ്യപ്പെട്ടിരിക്കുന്നു)

6(ബി)(4) സർവ്വീസിൽ നിന്നും പ്രായപരിധിക്ക് വിധേയമായോ, പ്രാപ്തിയില്ലായ്മയാലോ പെൻഷനാകുമ്പോൾ

6(ബി)(5) സർവ്വീസിൽ നിന്ന് ഡിസ്മിസ് ചെയ്യുകയോ, ഡിസ്ചാർജ്ജ് ചെയ്യുകയോ, നീക്കം ചെയ്യുകയോ ചെയ്യുമ്പോൾ

6(ബി)(6) സംസ്ഥാന ഗവൺമെന്റ് സർവ്വീസിൽ നിന്ന് വെളിയിൽ ഡെപ്യൂട്ടേഷനിൽ മാറ്റപ്പെടുമ്പോൾ

6(ബി)(7) അസോസിയേഷൻ അംഗത്വത്തിന് നിശ്ചയിച്ചിട്ടുള്ളതിലും ഉയർന്ന തസ്തികകയിലെത്തുമ്പോൾ

6(ബി)(8) നിലവിലുള്ള അച്ചടക്ക നടപടികൾ പ്രകാരമോ, മറ്റേതെങ്കിലും ചട്ടങ്ങളോ, നിലവിലിരിക്കുന്ന ശിക്ഷാനിയമോ പ്രകാരം അച്ചടക്കരാഹിത്യത്തിനോ, ഔദ്യോഗിക നിലവാരത്തിനുള്ള വീഴ്ചയ്ക്കോ, സന്മാർഗ്ഗഭ്രംശം സംബന്ധിച്ച കാര്യങ്ങൾക്കോ ഗൗരവാവഹമായ ശിക്ഷയ്ക്ക് വിധേയനാകുമ്പോൾ

6(ബി)(9) ഒരു പോലീസുദ്യോഗസ്ഥൻ എന്ന നിലയിൽ നിയമാനുസരണമുള്ള തന്റെ ഔദ്യോഗിക കൃത്യനിർവ്വഹണവേളയിലൊഴികെ ഏതെങ്കിലും രാഷ്ട്രീയ സംഘടനയുമായോ ഏതെങ്കിലും വിധത്തിലുള്ള രാഷ്ട്രീയ ഘടകമായോ, ഏതെങ്കിലും രാഷ്ട്രീയ കക്ഷിയുടെയോ, വിദ്ധ്വംസക കക്ഷിയുടെയോ, ഗ്രൂപ്പിന്റെയോ, പോഷക സംഘടനയുമായോ, ബന്ധപ്പെടുകയോ ബന്ധപ്പെടാൻ ശ്രമിക്കുകയോ ചെയ്യുമ്പോൾ.

6(ബി)(10) ഏതെങ്കിലും ട്രേഡ് യൂണിയനോ, അസോസിയേഷനോ, രാഷ്ട്രീയ കക്ഷികളോ, അതുപോലെയുള്ള മറ്റു സംഘടനകളോ ആയി സഹകരിക്കുകയോ, അംഗമായിരിക്കുകയോ ചെയ്യുമ്പോൾ

6(ബി)(11) ഏതെങ്കിലും രാഷ്ട്രീയാവശ്യങ്ങൾക്കോ, ട്രേഡ് യൂണിയനാവശ്യങ്ങൾക്കോ, വിദ്ധ്വംസകാവശ്യങ്ങൾക്കോ സ്വയംസംഘടിപ്പിക്കുന്നതോ, മറ്റാരെങ്കിലും സംഘടിപ്പിക്കുന്നതോ ആയ പ്രകടനത്തിൽ പങ്കെടുക്കുകയോ, യോഗത്തിൽ ഭാഗഭാക്കാകുകയോ, യോഗത്തെ അഭിസംബോധന ചെയ്യുകയോ ചെയ്യുമ്പോൾ

6(ബി)(12) പോലീസ് സേനയിലെ വിവിധ പദവിയിലുള്ളവർക്കിടയിൽ അസംതൃപ്തിയോ, സൗഹാർദ്ദമില്ലായ്മയോ, വർഗ്ഗ

വിരോധമോ, ഉണ്ടാക്കുകയോ ഉണ്ടാക്കാൻ ശ്രമിക്കുകയോ ചെയ്യുമ്പോൾ.

6(ബി)(13) അസോസിയേഷന്റെ ഉദ്ദേശലക്ഷ്യങ്ങൾക്ക് വിരുദ്ധമായി ഏതെങ്കിലും വിധത്തിൽ പ്രവർത്തിക്കുമ്പോൾ

6(ബി)(14) നിരോധിച്ചിട്ടുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചുകൊണ്ട് തെരഞ്ഞെടുപ്പ് പ്രവർത്തനം നടത്തുമ്പോൾ

6(ബി)(15) ഈ ചട്ടങ്ങൾപ്രകാരം തന്റെ ബാദ്ധ്യതയിലുള്ള ചുമതലകൾ വിശ്വസ്തമായും ശരിയായ വിധത്തിലും നിർവ്വഹിക്കുന്നതിൽ പരാജയപ്പെടുമ്പോൾ

6(ബി)(16) അംഗത്വം രാജിവയ്ക്കുമ്പോൾ

**6സി. അംഗത്വം അവസാനിപ്പിക്കൽ, പുനഃസ്ഥാപിക്കൽ മുതലായവ**

6(സി)(1) ഈ ചട്ടങ്ങളിലെ 6(ബി)(2), (8), (9), (10), (11), (12), (13), (14), (15), (16) എന്നീ വ്യവസ്ഥകൾ പ്രകാരം അംഗത്വം അവസാനിപ്പിക്കുന്നതിന് ബന്ധപ്പെട്ട അംഗത്തിന് തന്റെ അത്തരം പെരുമാറ്റത്തെക്കുറിച്ച് വിശദീകരണം നൽകുന്നതിന് ഒരവസരം നൽകിയതിന്ശേഷം മാത്രം, ബ്രാഞ്ച് അസോസിയേഷന്റെയോ, സംസ്ഥാന അസോസിയേഷന്റെയോ, ഏതാണെന്നുവച്ചാൽ അതിന്റെ നിർവ്വാഹക സമിതിയിൽ ഹാജരുള്ളവരുടെ കേവല ഭൂരിപക്ഷ തീരുമാനപ്രകാരം മാത്രമേ അംഗത്വം അവസാനിപ്പിക്കാവൂ.

6(സി)(2) ഈ ചട്ടങ്ങളിലെ ഏതെങ്കിലും വകുപ്പ് പ്രകാരം അയോഗ്യനായിട്ടുള്ള ഒരംഗം ഹാജരുള്ളതോ പങ്കെടുക്കുകയോ ചെയ്യുന്ന ജില്ലാ കമ്മിറ്റിയുടെയോ, സംസ്ഥാന കമ്മിറ്റിയുടെയോ ഏതെങ്കിലും യോഗ നടപടികൾ ദുർബലവും നിയമസാധുത ഇല്ലാത്തതുമായിരിക്കും.
*നം. 6(സി)(2) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ ആഭ്യന്തരം തീയതി : 20-08-2015) (പേജ് നമ്പർ 47-ൽ നോക്കുക)*

6(സി)(3) ഒരംഗത്തിന്റെ അംഗത്വം അവസാനിപ്പിച്ചതിലോ ഒരംഗത്തിന്റെയോ ഔദ്യോഗിക ഭാരവാഹിയുടെയോ അയോഗ്യത സംബന്ധിച്ചോ അയോഗ്യനായിട്ടുള്ള ഒരംഗത്തിന്റെ ജില്ലാ കമ്മിറ്റിയുടെയോ സംസ്ഥാന കമ്മിറ്റിയുടെയോ ഒരു

യോഗത്തിലെ സാന്നിദ്ധ്യത്തെയോ, ഭാഗഭാഗിത്വത്തെയോ സംബന്ധിച്ച് എന്തെങ്കിലും തർക്കമുണ്ടാകുന്ന സന്ദർഭത്തിൽ യൂണിറ്റ് മേധാവിക്കോ വകുപ്പ് മേധാവിക്കോ, ഏതാണെന്ന് വച്ചാൽ അവർക്ക് സ്വമേധയാലോ നിവേദനത്തിന്മേലോ അന്വേഷണം നടത്തി എടുക്കുന്ന തീരുമാനം അവസാന തീരുമാനമായിരിക്കുന്നതാണ്.

*നം. 6(സി)(3) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 47-ൽ നോക്കുക)*

6(സി)(4) താഴെ പറയുന്ന സംഗതികളിൽ അംഗത്വം പുനഃസ്ഥാപിക്കുന്നതാണ്.

6(സി)(4) (എ) അംഗത്വഫീസ് നൽകുന്നതിന് വീഴ്ചവരുത്തിയ സംഗതിയിൽ കുടിശികയും പ്രവേശനഫീസും നൽകുമ്പോഴും

6(സി)(4) (ബി) (നീക്കം ചെയ്യപ്പെട്ടിരിക്കുന്നു)

6(സി)(4) (സി) ഡെപ്യൂട്ടേഷനിലുള്ള സ്ഥലംമാറ്റക്കാര്യത്തിൽ നിലവിലുണ്ടായിരുന്ന ലാവണത്തിലേക്ക് തിരിച്ച് വരുമ്പോഴും.

6(സി)(4) ഡി) 6(ബി) 5 വകുപ്പിൽ പറയുന്നതൊഴികെയുള്ള ഗുരുതരമായ ശിക്ഷയ്ക്ക് വിധേയനായ കാര്യത്തിൽ ശിക്ഷയുടെ കാലാവധിക്ക് ശേഷമോ അല്ലെങ്കിൽ ശിക്ഷ നൽകപ്പെട്ട തീയതി മുതൽ രണ്ടുവർഷക്കാലത്തിനുശേഷമോ ഏതാണ് അവസാനത്തേതെന്നു വച്ചാൽ അതിനുശേഷവും

## 7. സംഘടന

### 7(1) ജില്ലാ കമ്മിറ്റി

താഴെപ്പറയുന്ന വിഭാഗങ്ങളിൽപ്പെടുന്ന യോഗ്യരായ അംഗങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കും ഒരു ജില്ലാ കമ്മിറ്റി.

*നം. 7(1) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 48-ൽ നോക്കുക)*

7(1)എ. (1) ഒരു പോലീസ് ജില്ലയിലെ പൊതുഭരണ നിർവഹണത്തിലുള്ള സീനിയർ സിവിൽ പോലീസ് ഓഫീസർ തസ്തികയിലും തത്തുല്യമായ തസ്തികകളിലും

അവർക്ക് താഴെ തസ്തികകളിലുമുള്ള എല്ലാ പോലീസ് ഉദ്യോഗസ്ഥന്മാരും.

*നം. 7(1)(എ)(1) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 48-ൽ നോക്കുക)*

7(1)എ. (2) ജില്ലാ സായുധ പോലീസിലെ സീനിയർ സിവിൽ പോലീസ് ഓഫീസർ/ഹവിൽദാർ തസ്തികകളിലും തത്തുല്യമായ തസ്തികകളിലും അവർക്ക് താഴെ തസ്തികളിലുമുള്ള എല്ലാ പോലീസ് ഉദ്യോഗസ്ഥരും.

*നം. 7(1)(എ)(2) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 48-ൽ നോക്കുക)*

7(1)എ. (3) ഒരു പോലീസ് ജില്ലയിൽ ജോലി ചെയ്തുവരുന്ന പ്രത്യേക വിഭാഗങ്ങളിലെ ഹെഡ് കോൺസ്റ്റബിൾ തസ്തികയിലും, തത്തുല്യമായ തസ്തികകളിലും, അവർക്ക് താഴെ തസ്തികകളിലുമുള്ള എല്ലാ പോലീസ് ഉദ്യോഗസ്ഥന്മാരും.

7(1)ബി. സായുധ പോലീസ് ബറ്റാലിയനിലെ ഹവിൽദാർ തസ്തികയിലും തത്തുല്യമായ തസ്തികകളിലും അവർക്ക് താഴെ തസ്തികകളിലുമുള്ള എല്ലാ പോലീസ് ഉദ്യോഗസ്ഥന്മാരും.

7(1)സി. സംസ്ഥാന ടെലികമ്മ്യൂണിക്കേഷൻ, പോലീസ് അക്കാഡമി വിഭാഗത്തിലെ സീനിയർ സിവിൽ പോലീസ് ഓഫീസർ/ഹവിൽദാർ തസ്തികകളിലും തത്തുല്യമായ തസ്തികകളിലും അവർക്ക് താഴെ തസ്തികകളിലുമുള്ള എല്ലാ പോലീസ് ഉദ്യോഗസ്ഥന്മാരും.

*നം. 7(1)(സി) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 48-ൽ നോക്കുക)*

7(2) **ഇലക്ടറൽ കോളേജ്**

7(2) എ) ഒരു ജില്ലാ കമ്മിറ്റിയിലെ എല്ലാ യോഗ്യരായ അംഗങ്ങളിലും ഓരോ നിയോജകമണ്ഡലങ്ങളിൽ നിന്നും ജില്ലാ ഇലക്ടറൽ കോളേജിലേക്ക് താഴെ നിർദ്ദേശിക്കുന്ന വിധം പ്രതിനിധികളെ തെരഞ്ഞെടുക്കേണ്ടതാണ്.

*നം. 7(2)(എ) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ ആഭ്യന്തരം തീയതി : 20-08-2015) (പേജ് നമ്പർ 48-ൽ നോക്കുക)*

7(2)(ബി) (1) ഓരോ 30 അംഗങ്ങൾക്കും ഒരു പ്രതിനിധി വീതം എന്ന തോതിൽ, ചുരുങ്ങിയത് ഒരു പോലീസ് സ്റ്റേഷന് ഒന്ന് എന്ന അടിസ്ഥാനത്തിൽ പ്രതിനിധികൾ ഉണ്ടായിരിക്കുന്നതാണ്.

7(2)(ബി) (2) ബ്രാഞ്ച് ഇലക്ടറൽ കോളേജിലേക്ക്, ഒരു പോലീസ് ജില്ലയിൽ ജോലി ചെയ്യുന്ന പ്രത്യേക വിഭാഗങ്ങളിലെ അംഗങ്ങൾക്ക് തെരഞ്ഞെടുക്കാൻ അർഹതയുള്ള പ്രതിനിധികളുടെ എണ്ണം കണക്കാക്കുന്നതിന് ആ ജില്ലയിൽ ജോലി ചെയ്യുന്ന പ്രത്യേക വിഭാഗങ്ങളിലെ അംഗങ്ങളെ മൊത്തം ഒന്നിച്ച് കണക്കാക്കുന്നതായിരിക്കും.

7(2)(ബി) (3) ഏതെങ്കിലും പോലീസ് ജില്ലയിൽ പോലീസ് സ്റ്റേഷനോട് ചേർക്കാതെ ജോലി ചെയ്തുവരുന്ന DCRB, District SB, Crime Detachment CBCID, E, OW, Police Computer Wing, Police Training College/School, SBCID, Railway Police, Vigilance Division മുതലായവ പോലെയുള്ളവ, ഇലക്ടറോൾ കോളേജിലേക്ക് പ്രതിനിധികളെ തെരഞ്ഞെടുക്കേണ്ട ആവശ്യത്തിലേയ്ക്ക് ഓരോ പോലീസ് സ്റ്റേഷൻ ആയി കണക്കാക്കുന്നതായിരിക്കും.

7(2)(ബി) (4) സായുധ പോലീസ് ബറ്റാലിയനുകളെയും, ജില്ലാ സായുധപോലീസിനെയും സംബന്ധിച്ചിടത്തോളം പ്രതിനിധികളുടെ എണ്ണം നിശ്ചയിക്കുന്നതിനും, ബ്രാഞ്ച് ഇലക്ടറൽ കോളേജിലേക്ക് അവരെ തെരഞ്ഞെടുക്കേണ്ട ആവശ്യത്തിലേക്കും ഒരു കമ്പനി ഒരു നിയോജക മണ്ഡലമായി കണക്കാക്കുന്നതായിരിക്കും. ബാന്റ് മുതലായ സാങ്കേതിക വിഭാഗത്തിലുൾപ്പെടുന്നവരെ ഈ ആവശ്യത്തിലേക്ക് ഹെഡ്ക്വാർട്ടർ കമ്പനിയുടെ ഭാഗമായി കരുതുന്നതായിരിക്കും.

7(2)(ബി) (5) ടെലികമ്മ്യൂണിക്കേഷൻ, കേരള പോലീസ് അക്കാഡമി എന്നീ വിഭാഗങ്ങളിലെ എല്ലാ യോഗ്യരായ അംഗങ്ങളും ചേർന്ന് ഓരോ നിയോജകമണ്ഡലമായിരിക്കും.

*നം. 7(2)(ബി)(5) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 48-ൽ നോക്കുക)*

7(2)(ബി) (6) യോഗ്യതയുള്ള ഏതെങ്കിലും ഒരംഗത്തിന് രോഗം മൂലമോ, അവധിമൂലമോ, ഡ്യൂട്ടികൾ മൂലമോ തെരഞ്ഞെടുപ്പ് സ്ഥലത്തുനിന്നും ദൂരെ അകന്നു നിൽക്കേണ്ടി വരുമ്പോൾ തനിക്കുവേണ്ടി തന്റെ സമ്മതിദാന അവകാശം ഉപയോഗിക്കുന്നതിന് തന്റെ നിയോജകമണ്ഡലത്തിലെ യോഗ്യതയുള്ള മറ്റൊരംഗത്തിനെ തന്റെ മേലുദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ ഒപ്പോടുകൂടി രേഖാമൂലം അധികാരപ്പെടുത്താവുന്നതാണ്.

7(2)(സി) 30 അംഗങ്ങളിൽ കൂടുതലുള്ള ഏതെങ്കിലും ഒരു നിയോജക മണ്ഡലത്തിലെ പ്രതിനിധികളുടെ എണ്ണം തീർച്ചപ്പെടുത്തുന്നതിന് ആ നിയോജകമണ്ഡലത്തിലെ മൊത്തം അംഗസംഖ്യയെ 30 വീതം വിഭജിക്കേണ്ടതും അങ്ങനെ വിഭജിക്കുന്ന 30 അംഗങ്ങളുള്ള ഓരോ വിഭാഗത്തിനും ഒരു പ്രതിനിധിയെ വീതം തെരഞ്ഞെടുക്കാൻ അർഹതയുള്ളതുമാകുന്നു. മേൽപ്പറഞ്ഞവിധം വിഭജിക്കുമ്പോൾ പതിനഞ്ചോ അതിൽ കുറവോ അംഗങ്ങൾ ബാക്കിവന്നാൽ അതുപേക്ഷിച്ച് കളയേണ്ടതും, പതിനഞ്ചിൽ കൂടുതൽ ആണെങ്കിൽ കൂടുതലായി ഒരു പ്രതിനിധിയെക്കൂടി എടുക്കേണ്ടതും ആകുന്നു.

7(2)(ഡി) ഓരോ നിയോജകമണ്ഡലത്തിലെയും യോഗ്യതയുള്ള ഓരോ അംഗത്തിനും, ആ നിയോജകമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെടാൻ അനുവാദമുള്ള പ്രതിനിധികളുടെ എണ്ണത്തോളംതന്നെ വോട്ടുകൾ ഉണ്ടായിരിക്കുന്നതാണ്. ഒരു നിയോജകമണ്ഡലത്തിൽനിന്നും ബ്രാഞ്ച് ഇലക്ടറൽ കോളേജിലേക്ക് മത്സരിക്കുന്ന സ്ഥാനാർത്ഥികളിൽ ഏറ്റവും കൂടുതൽ എണ്ണം വോട്ടുകൾ കിട്ടുന്നവരുടെ മുൻഗണനാക്രമത്തിൽ വിജയികളായ പ്രതിനിധികളെ തീരുമാനിക്കുന്നതായിരിക്കും.

7(2)(ഇ) ജില്ലാ കമ്മിറ്റി

വിവിധ യൂണിറ്റുകളിൽ നിന്നും നിയോജക മണ്ഡലങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട് വരുന്ന അംഗങ്ങൾ

ഉൾപ്പെടുന്നതായിരിക്കും ജില്ലാകമ്മിറ്റി. അത് ജില്ലാ കമ്മിറ്റിയുടെ ജനറൽ ബോഡിയായിരിക്കും.

*നം. 7(2)(ഇ) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 48-ൽ നോക്കുക)*

7(2)(എഫ്) ജില്ലാ കമ്മിറ്റി ഏകകണ്ഠമായോ തലയെണ്ണമെടുത്തോ, കൈ പൊക്കിയോ നറുക്കെടുത്തോ താഴെ പറയുന്നവരെ തെരഞ്ഞെടുക്കേണ്ടതാണ്.

*നം. 7(2)(എഫ്) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ ആഭ്യന്തരം തീയതി : 20-08-2015) (പേജ് നമ്പർ 49-ൽ നോക്കുക)*

7(2)(എഫ്) (1) ജില്ലാ ഭാരവാഹികളെയും നിർവാഹക സമിതി അംഗങ്ങളെയും

7(2)(എഫ്)(2) ജില്ലാ സ്റ്റാഫ് കൗൺസിൽ പ്രതിനിധികളെ

*നം. 7(2)(എഫ്)(1), 7(2)എഫ്(2) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 49-ൽ നോക്കുക)*

7(2)(ജി) ഒരു പോലീസ് ജില്ലയിൽ ജോലി ചെയ്യുന്ന പ്രത്യേക വിഭാഗങ്ങളിലുള്ള അംഗങ്ങൾ, യൂണിറ്റടിസ്ഥാനത്തിൽ ഏകകണ്ഠമായോ, തലയെണ്ണമെടുത്തോ, കൈകാണിച്ചോ, നറുക്കെടുത്തോ ഓരോ യൂണിറ്റിനും ഒരു പ്രതിനിധിയെ വീതം പ്രത്യേക വിഭാഗത്തിന്റെ യൂണിറ്റ് സ്റ്റാഫ് കൗൺസിലിലേക്കുള്ള പ്രതിനിധികളെ തെരഞ്ഞെടുക്കാൻ ആവശ്യമായ ഇലക്ടറൽ കോളേജ് രൂപീകരിക്കുന്നതിനു വേണ്ടി തെരഞ്ഞെടുക്കേണ്ടതാണ്.

7(2)(എച്ച്) ഓരോ ജില്ലാ കമ്മിറ്റികളിലേക്ക് ഭാരവാഹികൾ ഉൾപ്പെടെ യുള്ള നിർവാഹക സമിതി അംഗങ്ങൾ ഉൾപ്പെടുന്നതാണ് സംസ്ഥാന കമ്മിറ്റി. സംസ്ഥാന കമ്മിറ്റി ഏകകണ്ഠമായോ, തലയെണ്ണം എടുത്തോ, കൈപൊക്കിയോ, നറുക്കെടുത്തോ താഴെ പറയുന്നവരെ തെരഞ്ഞെടുക്കേണ്ടതാണ്.

7(2)(എച്ച്) (1) സംസ്ഥാന അസോസിയേഷൻ ഔദ്യോഗിക ഭാരവാഹി കളെയും, നിർവാഹക സമിതി അംഗങ്ങളെയും

7(2)(എച്ച്) (2) സംസ്ഥാന സ്റ്റാഫ് കൗൺസിൽ അംഗങ്ങളെ

*നം. 7(2)(എച്ച്), 7(2)(എച്ച്)(1), 7(2)(എച്ച്)(2), ജി.ഒ.(എം.എസ്.) നമ്പർ 178/2015/ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 49-ൽ നോക്കുക)*

7(2)(ഐ) ഓരോ സ്ഥാനാർത്ഥിക്കും താൻ മത്സരിക്കുന്ന നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ആളായിരിക്കേണ്ടതും ആ ആളിന് വോട്ടുചെയ്യാൻ അർഹത ഉണ്ടായിരിക്കുന്നതുമാകുന്നു.

7(2)(ജെ) ബ്രാഞ്ച് ഇലക്ടറൽ കോളേജ് അംഗത്വം ഒഴികെ മറ്റേതൊരു സ്ഥാനത്തേയ്ക്കും തെരഞ്ഞെടുക്കപ്പെടുന്ന ആൾക്ക് ചുരുങ്ങിയത് 3 കൊല്ലത്തെ തൃപ്തികരമായ സർവ്വീസ് ഉണ്ടായിരിക്കണം.

7(3) **വരണാധികാരി**

എ. താഴെപ്പറയുന്ന തെരഞ്ഞെടുപ്പുകൾക്കുള്ള വരണാധികാരികൾ നറുക്കെടുത്ത് നിശ്ചയിക്കുന്ന അസോസിയേഷന്റെ യോഗ്യതയുള്ള ഒരംഗമായിരിക്കും.

7(3)(എ) (1) യൂണിറ്റ്/നിയോജക മണ്ഡലങ്ങളിൽ നിന്നും ഉള്ള ജില്ലാ കമ്മിറ്റി അംഗങ്ങളുടെ തെരഞ്ഞെടുപ്പ്.

*നം. 7(3)(എ) (1) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 50-ൽ നോക്കുക)*

7(3)(ബി) ശരിയായ വിധം തെരഞ്ഞെടുപ്പുകൾ നടത്തുന്നതിന് വരണാധികാരി ഉത്തരവാദിയായിരിക്കുന്നതും, തെരഞ്ഞെടുപ്പു നടത്തുന്ന സമയം, സ്ഥലം, ആഫീസ് മുതലായവ സംബന്ധിച്ചുള്ള യൂണിറ്റ് മേധാവിയുടെയോ വകുപ്പദ്ധ്യക്ഷന്റെയോ തീരുമാനം സമ്മതിദായകരെ അറിയിക്കേണ്ടതുമാകുന്നു.

7(4) **ജില്ലാ കമ്മിറ്റി**

7(4)(എ) പോലീസ് ജില്ലകളിലെയും, സായുധ പോലീസ് ബറ്റാലിയനുകളിലേയും, ടെലികമ്മ്യൂണിക്കേഷൻ, കേരള പോലീസ് അക്കാഡമി വിഭാഗത്തിന്റെയും ജില്ലാ കമ്മിറ്റികളിൽ.

*നം. 7(4)(എ) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 50-ൽ നോക്കുക)*

7(4)(എ) (1) ഒരു പ്രസിഡന്റ്

7(4)(എ) (2) ഒരു വൈസ് പ്രസിഡന്റ്

7(4)(എ) (3) ഒരു സെക്രട്ടറി

7(4)(എ) (4) ഒരു ജോയിന്റ് സെക്രട്ടറി

7(4)(എ) (5) ഒരു ഖജാൻജിയും ഒരു നിർവ്വാഹക സമിതിയും ഉണ്ടായിരിക്കും.

7(4)(ബി) പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഖജാൻജി എന്നിവരെല്ലാം ഉൾപ്പെടെ നിർവാഹക സമിതിയിൽ കുറഞ്ഞത് 11 അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്. ജില്ലാസമിതിയിൽ 50 അംഗങ്ങൾ വരെ 11 പേരും, 100 അംഗങ്ങൾ വരെ 13 പേരും നൂറ് അംഗങ്ങളിൽ കൂടുതൽ വരികയാണെങ്കിൽ 16 പേരും നിർവാഹക സമിതിയിൽ ഉണ്ടായിരിക്കുന്നതാണ്. ഈ നിർവാഹക സമിതിയെ ജില്ലാ കമ്മറ്റി അംഗങ്ങൾ അവരുടെ കൂട്ടത്തിൽ നിന്നു തന്നെ ഏകകണ്ഠമായോ, തലയെണ്ണിയോ, കൈ ഉയർത്തിയോ, നറുക്കെടുത്തോ, തെരഞ്ഞെടുക്കപ്പെടേണ്ടതാണ്.

*നം. 7(4)(ബി) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 50-ൽ നോക്കുക)*

7(5) (എ) **സംസ്ഥാന കമ്മിറ്റി**

*നം. 7(5)(എ) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 50-ൽ നോക്കുക)*

7(5)(എ)(1) ഒരു പ്രസിഡന്റ്

7(5)(എ)(2) ഒരു വൈസ് പ്രസിഡന്റ്

7(5)(എ)(3) ഒരു ജനറൽ സെക്രട്ടറി

7(5)(എ)(4) ഒരു ജോയിന്റ് സെക്രട്ടറി

7(5)(എ)(5) ഒരു ഖജാൻജിയും ഒരു നിർവ്വാഹക സമിതിയും ഉണ്ടായിരിക്കും. പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഖജാൻജി എന്നിവരെല്ലാം ഉൾപ്പെടെ നിർവാഹക സമിതിയിലാകെ 28 അംഗങ്ങളുണ്ടായിരിക്കണം. അവരെ ഈ ഭരണഘടനയിലെ 7(2) ചട്ടപ്രകാരം സ്വീകരിച്ചിട്ടുള്ള സംസ്ഥാന കമ്മിറ്റിയിലെ അംഗങ്ങൾ അവരുടെ കൂട്ടത്തിൽ നിന്നും ഏകകണ്ഠമായോ, തലയെണ്ണിയോ, നറുക്കെടുത്തോ തെരഞ്ഞെടുക്കേണ്ടതാണ്.

*നം. 7(5)(എ)(5) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 50-ൽ നോക്കുക)*

7(5)(ബി) വിവിധ ഭാഗങ്ങളിൽ നിന്ന് (വനിത/ഡ്രൈവർ സംസ്ഥാന ഭാരവാഹികൾ ഉൾപ്പെടുന്ന ജില്ലകൾ) പ്രാതിനിധ്യം ഉറപ്പു

വരുത്തുന്നതിനുവേണ്ടി പരമാവധി 9 പ്രതിനിധികളെ വരെ സംസ്ഥാന നിർവാഹക സമിതിയിലേക്ക് കോ-ഓപ്റ്റ് ചെയ്യാൻ നിർവാഹക സമിതിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

*നം. 7(5)(ബി) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 51-ൽ നോക്കുക)*

7(5)(സി) സംസ്ഥാന സ്റ്റാഫ് കൗൺസിൽ അംഗങ്ങളായി എട്ട് പ്രതിനിധികളെ സംസ്ഥാന സമിതിയിൽ നിന്നും ഏകകണ്ഠമായോ, കൈപൊക്കിയോ, നറുക്കെടുപ്പിലൂടെയോ അംഗങ്ങൾക്ക് തെരഞ്ഞെടുക്കാവുന്നതാണ്.

*നം. 7(5)(സി) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 51-ൽ നോക്കുക)*

8. തെരഞ്ഞെടുപ്പുകൾ

8(1) ജില്ലാ കമ്മിറ്റിയിലേക്കും മറ്റു വിവിധ യൂണിറ്റുകൾ/ഓഫീസുകളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ രണ്ടു വർഷത്തിലൊരിക്കൽ ജൂലൈ മാസത്തിൽ നടത്തിയിരിക്കേണ്ടതാണ്. സംസ്ഥാന കമ്മിറ്റിയിലേക്കുള്ള തിരഞ്ഞെടുപ്പ് രണ്ടു വർഷത്തിലൊരിക്കൽ ആഗസ്റ്റ് മാസത്തിൽ നടത്തിയിരിക്കേണ്ടതാണ്.

*നം. 8(1) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 51-ൽ നോക്കുക)*

8(2) രണ്ടു വർഷത്തിലൊരിക്കൽ മെയ് മാസം 1-ാം തീയതിക്കും 31-ാം തീയതിക്കും ഇടയ്ക്ക് യൂണിറ്റ് മേധാവി യോഗ്യതയുള്ള എല്ലാ അംഗങ്ങളുടെയും നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിച്ചിരിക്കേണ്ടതാണ്.

*നം. 8(2) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 51-ൽ നോക്കുക)*

8(3) ബ്രാഞ്ച് ഇലക്ടറൽ കോളേജിന്റെ വോട്ടർ പട്ടിക, വിവിധ നിയോജകമണ്ഡലങ്ങളിലെ തിരഞ്ഞെടുപ്പുകൾ പൂർത്തിയായി 3 ദിവസത്തിനകം യൂണിറ്റു മേധാവി പ്രസിദ്ധീകരിച്ചിരിക്കണം.

8(4) സംസ്ഥാന അസോസിയേഷനിലേക്കും സംസ്ഥാന പോലീസ് സ്റ്റാഫ് കൗൺസിലിലേക്കുമുള്ള തെരഞ്ഞെടുപ്പുകളുടെ വോട്ടർ പട്ടികകൾ പ്രയോഗികമായി കഴിയാവുന്നത്ര മുൻകൂട്ടിയും തെരഞ്ഞെടുപ്പ് നിശ്ചയിച്ചിരിക്കുന്ന തീയതിക്കു മുമ്പ് 15

ദിവസത്തിനകം വൈകാതെയും സംസ്ഥാന പോലീസ് സ്റ്റാഫ് കൗൺസിലിന്റെ മെമ്പർ സെക്രട്ടറി പ്രസിദ്ധീകരിച്ചിരിക്കണം.

8(5) വോട്ടർ പട്ടികകളെ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഉണ്ടെങ്കിൽ വോട്ടർ പട്ടിക പ്രസിദ്ധപ്പെടുത്തി 3 ദിവസത്തിനകം രേഖാമൂലം യൂണിറ്റു മേധാവിയോടോ/വകുപ്പ് അദ്ധ്യക്ഷനോടോ പരാതിപ്പെടേണ്ടതും, അത്തരം പരാതികളിന്മേൽ ബന്ധപ്പെട്ടവർ തീരുമാനമെടുക്കേണ്ടതും, ആ തീരുമാനം ബന്ധപ്പെട്ടയാളെ പ്രായോഗികമായി കഴിയാവുന്നത്ര നേരത്തെ അറിയിക്കേണ്ടതും അങ്ങനെ എടുത്ത തീരുമാനം അന്തിമതീരുമാനം ആയിരിക്കുന്നതുമാകുന്നു.

8(6) ഇലക്ടറൽ കോളേജിലേക്കുള്ള തെരഞ്ഞെടുപ്പുകളെ ചോദ്യം ചെയ്തുകൊണ്ടുള്ള പരാതികൾ തീർപ്പെടുക്കാതെ നിലവിലുണ്ടെന്ന കാരണത്താൽ വോട്ടർ പട്ടികകളുടെ പ്രസിദ്ധീകരണത്തിന് താമസം വരുത്തിക്കൂടാത്തതാകുന്നു.

8(7) യോഗ്യതയുള്ള ഒരംഗത്തിന്റെ ഒരു ജില്ലയിൽ നിന്നോ യൂണിറ്റിൽ നിന്നോ ഉള്ള സ്ഥലംമാറ്റം ആദ്യത്തെ യൂണിറ്റിൽനിന്നോ ഉള്ള സ്ഥലംമാറ്റം ആദ്യത്തെ യൂണിറ്റിൽ അയാളുടെ സമ്മതിദാനാവകാശം ഉപയോഗിക്കുന്നതിനുള്ള അവകാശത്തെ ബാധിക്കുന്നതായിരിക്കില്ല.

8(8) എ) ഏതെങ്കിലും തെരഞ്ഞെടുപ്പ് ഫലത്തെ സംബന്ധിച്ച് അപ്പീൽ ഉണ്ടെങ്കിൽ, തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ച് 24 മണിക്കൂറിനകം അപ്പീലിന് അടിസ്ഥാനമായ കാരണങ്ങൾ കാണിച്ച് രേഖാമൂലം യൂണിറ്റ് മേധാവിക്കോ, സംസ്ഥാന പോലീസ് സ്റ്റാഫ് കൗൺസിൽ സെക്രട്ടറിക്കോ പരാതി കൊടുക്കേണ്ടതാകുന്നു.

8(8) ബി) ജില്ലാ കമ്മിറ്റിയിലേക്കുള്ള തെരഞ്ഞെടുപ്പിനെ സംബന്ധിച്ചുള്ള അപ്പീലുകൾ യൂണിറ്റ് മേധാവിയിൽ നാമനിർദേശം ചെയ്യുന്ന ഒരു പോലീസ് സബ്ഡിവിഷണൽ ഓഫീസറോ, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടോ, അസിസ്റ്റന്റ് കമാണ്ടന്റോ തീർപ്പു ചെയ്യുന്നതും അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.
*നം. 8(8)(ബി) ഭേദഗതി – ജി.ഒ.(എം.എസ്.) നമ്പർ 178/2015/ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 51-ൽ നോക്കുക)*

8(8) സി) ജില്ലാ കമ്മിറ്റിയിലേക്കോ യൂണിറ്റ് പോലീസ് സ്റ്റാഫ് കൗൺസിലിലേക്കോ ഉള്ള തെരഞ്ഞെടുപ്പുകളെ സംബന്ധിക്കുന്ന അപ്പീലുകൾ ആ യൂണിറ്റിന്റെ ചാർജ് വഹിക്കുന്ന ഇൻസ്പെക്ടർ ജനറൽ/ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് തീർപ്പു ചെയ്യുന്നതും അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

*നം. 8(8)(സി) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 52-ൽ നോക്കുക)*

8(8) ഡി) സംസ്ഥാന കമ്മിറ്റിയിലേക്കോ, സംസ്ഥാന പോലീസ് സ്റ്റാഫ് കൗൺസിലിലേക്കോ ഉള്ള തെരഞ്ഞെടുപ്പുകളെ സംബന്ധിക്കുന്ന അപ്പീലുകൾ സംസ്ഥാന പോലീസ് സ്റ്റാഫ് കൗൺസിൽ സെക്രട്ടറി സംസ്ഥാന പോലീസ് സ്റ്റാഫ് കൗൺസിൽ മുൻപാകെ തീർപ്പിനായി സമർപ്പിക്കേണ്ടതാണ്. അതിനായിട്ടുള്ള കൗൺസിൽ യോഗത്തിന്റെ കേവല ഭൂരിപക്ഷ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

*നം. 8(8)(ഡി) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 52-ൽ നോക്കുക)*

8(8) ഇ) എല്ലാ അപ്പീലുകളിന്മേലും അവ ഫയൽ ചെയ്യുന്ന തീയതി മുതൽ 5 ദിവസത്തിനകം തീരുമാനമെടുത്തിരിക്കണം.

8(9) റോസ്റ്റർ പട്ടികയിൽ പേരുകൾ ഉൾപ്പെടുത്തിയിട്ടുള്ള യോഗ്യതയുള്ള അംഗങ്ങൾക്കുമാത്രമേ വോട്ട് ചെയ്യാനോ, തിരഞ്ഞെടുപ്പുകളിൽ മത്സരിക്കുവാനോ, അവകാശമുണ്ടായിരിക്കുകയുള്ളൂ.

8(10) അസോസിയേഷന്റെ ഏതെങ്കിലും ആഫീസുകളിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്ന ഒരു സ്ഥാനാർത്ഥിയെ, ഇലക്ടറൽ കോളേജിലെ യോഗ്യനായ ഒരംഗത്താൽ നിർദ്ദേശിക്കപ്പെടുകയും മറ്റ് രണ്ട് യോഗ്യരായ അംഗങ്ങളാൽ പിൻതാങ്ങപ്പെട്ടിരിക്കുകയും ചെയ്യണം.

8(11) നാമനിർദ്ദേശ പത്രികകൾ വരണാധികാരിക്ക് സമർപ്പിക്കേണ്ടതും, അദ്ദേഹം ശ്രദ്ധാപൂർവ്വം സൂക്ഷ്മപരിശോധന നടത്തി .

രണ്ടുദിവസത്തിനകം മത്സരിക്കുന്ന മൊത്തം സ്ഥാനാർത്ഥി കളുടെ പട്ടിക തയ്യാറാക്കിയിരിക്കേണ്ടതും ആണ്.

8(12) നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധനയ്ക്കും, തെരഞ്ഞെടുപ്പു നടത്തുന്ന സമയത്തിനുമിടയിൽ രണ്ടു ദിവസങ്ങൾ മാത്രമേ ഉണ്ടായിരിക്കാവൂ.

8(13) മത്സരിക്കുന്നവരും തെരഞ്ഞെടുപ്പു പ്രവർത്തനത്തിലുള്ള വരുമായ വിവിധ തസ്തികകയിലുള്ളവരും വ്യക്തികളുമായ പോലീസ് ഉദ്യോഗസ്ഥന്മാർക്കുമിടയിൽ പരസ്പരവിശ്വാസം, ബഹുമാനം, സൗഹാർദ്ദം എന്നിവയ്ക്ക് ഹാനി സംഭവിക്കുന്ന തൊഴിവാക്കുന്നതിനും, അനാവശ്യ ചെലവുകൾ ഒഴിവാക്കു ന്നതിനും തെരഞ്ഞെടുപ്പിൽ പിന്തുണ നേടുന്നതിനുവേണ്ടി സംഘടിതമായ പ്രചരണമോ, വോട്ടുപിടുത്തമോ, ഉച്ചഭാഷിണി, ചുമർ പരസ്യങ്ങൾ, ചുവരെഴുത്തുകൾ, നോട്ടീസുകൾ മുതലാ യവ ഉപയോഗിക്കുന്നതും. പൊതുവായോ, വിഭാഗീയമായോ യോഗങ്ങൾ സംഘടിപ്പിക്കുക മുതലായവയും അനുവദി ക്കുന്നതല്ല.

8(14) തെരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടങ്ങളും സൈന്യത്തിന്റെ അച്ചടക്ക ത്തിനും നിഷ്പക്ഷതയ്ക്കും ഹാനിവരാത്തവിധം നടത്തേണ്ടതും സമ്മതിദായകരും സ്ഥാനാർത്ഥിയും ഈ വ്യവസ്ഥകളിലും, പോലീസ് സേനയുടെ അച്ചടക്കത്തെ നിയന്ത്രിക്കുന്ന നിയമ ങ്ങളിലും ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള അച്ചടക്കത്തോടും പെരുമാറ്റ മര്യാദയോടും കൂടി സ്വയം പെരുമാറേണ്ടതാണ്. ഈ നിർദ്ദേശങ്ങൾ അനുസരിക്കുന്നതിൽ വീഴ്ച വരുത്തുന്നതിന് അംഗത്വത്തിന് അയോഗ്യത കൽപിക്കുന്നതിനിടയാക്കുന്ന തായിരിക്കും.

**9. കാലാവധി**

9(1) തിരഞ്ഞെടുക്കപ്പെടുന്ന ഓരോ അംഗത്തിന്റെയും കാലാവധി രണ്ടു വർഷമായിരിക്കും.

*നം. 9(1) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 52-ൽ നോക്കുക)*

9(2) നിലവിലുള്ള ജില്ല/സ്റ്റേറ്റ് സ്റ്റാഫ് കൗൺസിൽ ഒരു പുതിയ സ്റ്റാഫ് കൗൺസിൽ രൂപീകരിക്കുന്നതോടെ ഇല്ലാതാകുന്നതായിരിക്കും.

നം. 9(2) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ആഭ്യന്തരം
തീയതി : 20-08-2015 (പേജ് നമ്പർ 52-ൽ നോക്കുക)

9(3) ഒരു കമ്മിറ്റിയുടെ കാലാവധി ഒരു പുതിയ കമ്മിറ്റി രൂപീകരിക്കുന്നതു വരെയായിരിക്കും.
നം. 9(3) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ആഭ്യന്തരം
തീയതി : 20-08-2015 (പേജ് നമ്പർ 52-ൽ നോക്കുക)

9(4) ഏതെങ്കിലും ഒരു ഔദ്യോഗിക ഭാരവാഹിയുടെ സ്ഥാനം, മരണം, ഡിസ്മിസൽ, ഡിസ്ചാർജ്ജ്, നീക്കം ചെയ്യപ്പെടൽ, പ്രൊമോഷൻ, പെൻഷൻ, സ്ഥലംമാറ്റം, രാജി, അംഗത്വത്തിന് അയോഗ്യത കൽപ്പിക്കൽ തുടങ്ങിയ കാരണങ്ങളാൽ ഒഴിവു വന്നാൽ ബന്ധപ്പെട്ട ഔദ്യോഗിക ഭാരവാഹികൾ ഉൾപ്പെടെയുള്ള നിർവാഹക സമിതി ആ സ്ഥാനം പൂർത്തിയാക്കുവാനുള്ള കാലത്തേക്ക് നാമനിർദ്ദേശം ചെയ്ത് നികത്താവുന്നതാണ്.
നം. 9(4) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ആഭ്യന്തരം
തീയതി : 20-08-2015 (പേജ് നമ്പർ 53-ൽ നോക്കുക)

10 **ഔദ്യോഗിക ഭാരവാഹികളുടെ ചുമതലകളും, പ്രവർത്തികളും ഉത്തരവാദിത്വങ്ങളും**

വിവിധ ഔദ്യോഗിക ഭാരവാഹികളുടെ ചുമതലകളും, പ്രവർത്തികളും ഉത്തരവാദിത്വങ്ങളും താഴെപറയും വിധമായിരിക്കും.

10(1) പ്രസിഡന്റ്, ജില്ല/സംസ്ഥാന കമ്മറ്റികളുടെ എല്ലാ യോഗങ്ങളിലും അദ്ധ്യക്ഷത വഹിക്കുകയും ജില്ല/സംസ്ഥാന കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് കൊണ്ടു പോകുന്നതിൽ മേൽനോട്ടം വഹിക്കുകയും ചെയ്യുക.
നം. 10(1) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ആഭ്യന്തരം
തീയതി : 20-08-2015 (പേജ് നമ്പർ 53-ൽ നോക്കുക)

10(2) വൈസ് പ്രസിഡന്റ് പ്രസിഡന്റിനെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ സഹായിക്കുകയും അദ്ദേഹത്തിന്റെ അഭാവത്തിൽ ചുമതലകൾ ഏറ്റെടുത്ത് പ്രവർത്തിക്കുകയും ചെയ്യുക.

10(3) സെക്രട്ടറി/ജനറൽ സെക്രട്ടറി ജില്ല/സംസ്ഥാന കമ്മിറ്റിയുടെ യോഗങ്ങൾ വിളിച്ചു കൂട്ടുന്നതിനും യോഗങ്ങളുടെ മിനിട്സ് രേഖപ്പെടുത്തുന്നതിനും, അസോസിയേഷൻ കാര്യങ്ങൾ

സംബന്ധിച്ചും, പൊതുവായുള്ള എഴുത്തുകുത്തുകൾ നടത്തുന്നതിനും അസോസിയേഷന്റെ വിവിധ പ്രവർത്തനങ്ങൾ നിയന്ത്രിച്ച് കൊണ്ടു പോകുന്നതിനും ഉത്തരവാദപ്പെട്ടിരിക്കും. സെക്രട്ടറി/ജനറൽ സെക്രട്ടറിയുടെ അഭാവത്തിൽ ജോയിന്റ് സെക്രട്ടറി ഈ ചുമതലകൾ ഏറ്റെടുത്ത് നിർവഹിക്കുന്നതു മായിരിക്കും.

*നം. 10(3) ഭേദഗതി -ജി.ഒ.(എം.എസ്.) നമ്പർ 178/2015/ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 53-ൽ നോക്കുക)*

10(4) ഖജാൻജി അസോസിയേഷൻ ഫണ്ടിന്റെ ചുമതലയും ശരിയായ വരവ് ചെലവ് കണക്കുകൾ സൂക്ഷിക്കുന്നതിനും, കണക്കുകളുടെ ഓഡിറ്റിനും സാമ്പത്തിക അച്ചടക്കം കർശനമായി ഉറപ്പ് വരുത്തുന്നതിനും ജില്ലാ കമ്മിറ്റി/സംസ്ഥാന കമ്മിറ്റി ഫണ്ടുകൾ സൂക്ഷിച്ച് നിയന്ത്രിക്കുന്നതിനും ഉത്തരവാദി ഖജാൻജി ആയിരിക്കും.

*നം. 10(4) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 53-ൽ നോക്കുക)*

10(5) ഔദ്യോഗിക ഭാരവാഹികൾക്ക് ഒരു സമയം ചെലവ് ചെയ്യാൻ അധികാരമുള്ള തുകകൾ താഴെ പറയും പോലെയായിരിക്കും.

10(5) എ) സംസ്ഥാന പ്രസിഡന്റ്/സംസ്ഥാന ജനറൽ സെക്രട്ടറി - 2500/- രൂപ

10(5) ബി) സംസ്ഥാന ഖജാൻജി – 2000/- രൂപ

10(5) സി) ജില്ലാപ്രസിഡന്റ്/ സെക്രട്ടറി - 1000/- രൂപ

10(5) ഡി) ജില്ലാ ഖജാൻജി - 500/- രൂപ

*നം. 10(5), 10(5) (എ, ബി, സി, ഡി) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 53 മുതൽ 54 വരെ നോക്കുക)*

10(5) ഇ) അസോസിയേഷൻ ഫണ്ട് ഏതെങ്കിലും ഒരു ദേശസാൽക്കൃത ബാങ്ക്/പോലീസ് സഹകരണ ബാങ്കിൽ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവരുടെ ജോയിന്റ് അക്കൗണ്ടിൽ ഡിപ്പോസിറ്റ് ചെയ്തിരിക്കണം.

*നം. 10(5)(ഇ) ഭേദഗതി -ജി.ഒ.(കൈ) നമ്പർ 76/2013/ആഭ്യന്തരം തീയതി : 23-03-2013 (പേജ് നമ്പർ 42-ൽ നോക്കുക)*

10(6) **നിർവാഹക സമിതി :** നിർവാഹകസമിതി ജില്ല/സംസ്ഥാന കമ്മിറ്റി ഔദ്യോഗിക ഭാരവാഹികളെ നല്ല നിലയിലും കാര്യക്ഷമമായുള്ള പ്രവർത്തനങ്ങളിൽ സഹായിക്കേണ്ടതാണ്. നിർവാഹക സമിതി ജില്ലാ സംസ്ഥാന കമ്മിറ്റിയുടെ ദൈനംദിന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിലും പൊതുയോഗത്തിന്റെയോ, പ്രത്യേക യോഗത്തിന്റെയോ സാധാരണ യോഗത്തിന്റെയോ കാര്യപരിപാടികൾ തയ്യാറാക്കുന്നതിലും പ്രമേയങ്ങളും ശുപാർശകളും രൂപപ്പെടുത്തുന്നതിലും മറ്റും ഔദ്യോഗിക ഭാരവാഹികളെ സഹായിക്കേണ്ടതാണ്.

*നം. 10(6) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 54-ൽ നോക്കുക)*

10(7) ജില്ലാ/സംസ്ഥാന അസോസിയേഷന്റെ പരമാധികാരം ജില്ലാ/സംസ്ഥാകമ്മിറ്റിക്കാരായിരിക്കും. അസോസിയേഷനുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും ബന്ധപ്പെട്ട കമ്മിറ്റിയുടെ ഹാജരുള്ള അംഗങ്ങളുടെ ഭൂരിപക്ഷ തീരുമാനമായിരിക്കും നിലനിൽക്കുക. അസോസിയേഷന്റെ പ്രവർത്തനങ്ങളിൽ ജില്ല/സംസ്ഥാന കമ്മിറ്റി യോഗം പൊതുവായ മേൽനോട്ടം വഹിക്കുകയും അസോസിയേഷന്റെ ഉദ്ദേശ ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിനാവശ്യമായ എല്ലാ നടപടികളും കൈക്കൊള്ളുകയോ അതിൽ നിർവാഹക സമിതിയോട് നിർദേശിക്കുകയോ ചെയ്യേണ്ടതാണ്.

*നം. 10(7) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 54-ൽ നോക്കുക)*

10(8) ജനറൽബോഡി ജില്ലാ സംസ്ഥാന കമ്മിറ്റികളുടെ റിപ്പോർട്ടും വരവ്ചെലവ് കണക്കുകളും വാങ്ങിച്ച് പരിഗണിക്കുകയും മുൻയോഗത്തിനുശേഷമുള്ള പ്രവർത്തനം വിലയിരുത്തുകയും ചെയ്യേണ്ടതാണ്.

*നം. 10(8) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 54-ൽ നോക്കുക)*

11. **ജില്ലാ/സംസ്ഥാന അസോസിയേഷന്റെ ജനറൽബോഡി യോഗവും യൂണിറ്റ്/നിയോജകമണ്ഡല യോഗവും**

*നം. 11 ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 55-ൽ നോക്കുക)*

11(1) (എ) യൂണിറ്റ് നിയോജക മണ്ഡലത്തിലെ അംഗങ്ങൾ ചുരുങ്ങിയത് 6 മാസത്തിലൊരിക്കലെങ്കിലും യോഗം കൂടിയിരിക്കണം.

11(1) (ബി) ജില്ലാ അസോസിയേഷന്റെ ജില്ലാ കമ്മിറ്റി യോഗം 6 മാസത്തിൽ 2 തവണയെങ്കിലും കൂടിയിരിക്കണം.

11(1) (സി) സംസ്ഥാന അസോസിയേഷന്റെ സംസ്ഥാന കമ്മിറ്റി യോഗം വർഷത്തിൽ രണ്ട് തവണയെങ്കിലും കൂടിയിരിക്കണം.

11(1) (ഡി) സംസ്ഥാന കമ്മിറ്റിക്ക് ആവശ്യമെന്ന് കണ്ടാൽ ജില്ലാ പ്രസിഡന്റ്/സെക്രട്ടറി/സംസ്ഥാന നിർവാഹക സമിതി അംഗങ്ങൾ അടങ്ങിയ സംയുക്ത യോഗങ്ങൾ ഒരു വർഷം 4 തവണ വിളിച്ചു ചേർക്കാവുന്നതാണ്.

*നം. 11(1)(എ) മുതൽ 11(1)(ഡി) വരെ ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 55-ൽ നോക്കുക)*

11(2) യൂണിറ്റ് നിയോജക മണ്ഡലം യോഗങ്ങളും, ജില്ലാ കമ്മിറ്റി ജനറൽ ബോഡി യോഗവും സംസ്ഥാന അസോസിയേഷന്റെ ജനറൽ ബോഡി യോഗങ്ങളും സംസ്ഥാന കമ്മിറ്റി ജനറൽബോഡി യോഗവും കഴിയാവുന്നിടത്തോളം നിയോജക മണ്ഡലയോഗം തുടങ്ങി കാലാനുക്രമമായി നടത്തിയിരിക്കണം. യോഗങ്ങൾ നടത്തുന്നതിനു സമയ വിവരം നിർവ്വാഹക സമിതിക്ക് തയ്യാറാക്കുന്നതാണ്.

*നം. 11(2) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 55-ൽ നോക്കുക)*

11(3) ജില്ലാ/സംസ്ഥാന അസോസിയേഷന്റെ വിശേഷാൽ പൊതുയോഗങ്ങൾ അതിന്റെ നാലിലൊന്ന് അംഗങ്ങളുടെയോ അല്ലെങ്കിൽ നിർവാഹക സമിതിയുടെയോ ആവശ്യപ്രകാരം വിളിച്ചു കൂട്ടേണ്ടതാണ്.

*നം. 11(3) ഭേദഗതി -ജി.ഒ.(എം.എസ്.) നമ്പർ 178/2015/ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 55-ൽ നോക്കുക)*

11(4) ഏതു യോഗത്തിന്റേയും കോറം അതിന്റെ ആകെ അംഗസംഖ്യയുടെ മൂന്നിലൊന്നായിരിക്കും.

11(5) ജില്ലാ അസോസിയേഷന്റെയോ സംസ്ഥാന അസോസിയേഷന്റെയോ എല്ലാ നിലവാരത്തിലുമുള്ള എല്ലാ യോഗങ്ങളും യൂണിറ്റ് മേധാവിയുടെയോ വകുപ്പ് അദ്ധ്യക്ഷന്റെയോ ഏതാണെന്ന് വച്ചാൽ അവരുടെ മുൻകൂട്ടിയുള്ള അറിവോടുകൂടി മാത്രമേ നടത്താവൂ.

*നം. 11(5) ഭേദഗതി -ജി.ഒ.(എം.എസ്.) നമ്പർ 178/2015/ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 56-ൽ നോക്കുക)*

11(6) പ്രത്യേക യോഗങ്ങളൊഴികെ മറ്റെല്ലാ യോഗങ്ങൾക്കും 10 ദിവസത്തെ നോട്ടീസ് നൽകിയിരിക്കേണ്ടതും പ്രത്യേക യോഗങ്ങൾക്ക് 3 ദിവസത്തെ നോട്ടീസ് മതിയാകുന്നതുമാണ്.

11(7) യോഗങ്ങൾക്കുള്ള കാര്യപരിപാടി യോഗനോട്ടീസിനോടൊപ്പം അയച്ചുകൊടുക്കുകയും അതോടൊപ്പംതന്നെ അവയുടെ പകർപ്പുകൾ യൂണിറ്റ് മേധാവിക്കോ, വകുപ്പദ്ധ്യക്ഷനോ എത്തിച്ചുകൊടുക്കേണ്ടതാണ്.

11(8) യോഗങ്ങളിൽ പോലീസുദ്യോഗസ്ഥന്മാരുടെ വിഷമതകളെക്കുറിച്ചും പ്രവർത്തനമേഖലയിലുള്ള പ്രശ്നങ്ങളെക്കുറിച്ചും, പോരായ്മകളെക്കുറിച്ചും, സേവനവ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനെക്കുറിച്ചും സമൂഹത്തോടുള്ള പോലീസ് സേവനത്തിൽ പ്രയോജനകരങ്ങളായ മാറ്റങ്ങളെക്കുറിച്ചും ചർച്ച ചെയ്യാവുന്നതാണ്.

11(9) ഏതെങ്കിലും യോഗത്തിൽ വ്യക്തിപരമായ പരാധീനതകൾ ചർച്ചയ്ക്കായി കൊണ്ടുവരികയോ, ചർച്ച നടത്തുകയോ അസോസിയേഷൻ അംഗങ്ങളെ പോലീസ് ഉദ്യോഗസ്ഥന്മാരെന്ന നിലയിൽ നേരിട്ട് ബാധിക്കുന്നതല്ലാത്ത ഏതെങ്കിലും വിഷയം ചർച്ച ചെയ്യുകയോ പാടില്ലാത്തതാകുന്നു. വ്യക്തിപരമായ അച്ചടക്ക നടപടികളെക്കുറിച്ചോ, നിയമനങ്ങളെയോ, സ്ഥലംമാറ്റങ്ങളെയോ അതുപോലുള്ള ഭരണസംബന്ധമായ കാര്യങ്ങളെക്കുറിച്ചോ ചർച്ച ചെയ്തു കൂടാത്തതാകുന്നു.

11(10) പ്രമേയം യോഗത്തിൽ പങ്കെടുക്കാൻ യോഗ്യതയുള്ള ഒരംഗം നിർദ്ദേശിച്ചിരിക്കുകയും മറ്റ് യോഗ്യരായ രണ്ട് അംഗങ്ങൾ പിൻതാങ്ങിയിരിക്കുകയും വേണം. ഒരു പ്രമേയം ഹാജരുള്ളവരുടെ ഭൂരിപക്ഷ വോട്ടോടുകൂടി പാസ്സാക്കണം.

11(11) അവതരിപ്പിക്കപ്പെട്ട പ്രമേയങ്ങളുടെ പകർപ്പുകൾ പാസ്സായവയാണെങ്കിലും അല്ലെങ്കിലും യൂണിറ്റ് മേധാവിയ്ക്കോ, വകുപ്പദ്ധ്യക്ഷനോ ഏതാണെന്നുവച്ചാൽ അവർക്ക് അറിവിലേയ്ക്കും മേൽനടപടിയ്ക്കുമായി അയച്ചുകൊടുക്കേണ്ടതാണ്.

11(12) ഓരോ യോഗത്തിന്റേയും നടപടികൾ അതിനായി സൂക്ഷിച്ചിട്ടുള്ള ഒരു രജിസ്റ്ററിൽ സെക്രട്ടറി/ജനറൽ സെക്രട്ടറി യഥാക്രമം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും, അത് യോഗത്തിൽ പങ്കൊള്ളുന്ന ഓരോ അംഗത്തിനും, യൂണിറ്റ് മേധാവി/വകുപ്പ് അദ്ധ്യക്ഷൻ നാമനിർദ്ദേശം ചെയ്തിട്ടുള്ളവർക്കും പരിശോധിക്കാവുന്നതുമാണ്. രേഖപ്പെടുത്തിയിട്ടുള്ള മിനിറ്റ്സ് പ്രസിഡന്റും, സെക്രട്ടറി/ജനറൽ സെക്രട്ടറിയും ഒപ്പിട്ടിരിക്കുകയും വേണം.

11(13) യൂണിറ്റ്/നിയോജക മണ്ഡലത്തിന്റെയോ ജില്ല അസോസിയേഷന്റെയോ സംസ്ഥാന അസോസിയേഷന്റെയോ യോഗങ്ങളിൽ അർഹതയുള്ളവരും യോഗ്യതയുള്ളവരുമായ അംഗങ്ങൾ മാത്രമേ പങ്കെടുക്കാവൂ.

*നം. 11(13) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 56-ൽ നോക്കുക)*

11(14) അസോസിയേഷൻ അതിന്റെ ചർച്ചകളോ പ്രമേയങ്ങളോ തീർപ്പുകളോ യൂണിറ്റ് മേധാവിയുടെയോ/വകുപ്പദ്ധ്യക്ഷന്റെയോ മുൻകൂട്ടിയുള്ള അംഗീകാരം കൂടാതെ പുറത്തുള്ള യാതൊരു കേന്ദ്രത്തെയും അറിയിച്ചുകൂടാത്തതാകുന്നു.

11(15) അസോസിയേഷന്റെ ഏതെങ്കിലും ഘടകമോ, അതിന്റെ ഔദ്യോഗിക ഭാരവാഹികളോ, യൂണിറ്റ് മേധാവിയ്ക്കോ, വകുപ്പദ്ധ്യക്ഷനോ, ഗവൺമെന്റിനോ, പുറത്തുള്ള ഏതെങ്കിലും അധികാരസ്ഥാനത്തേയ്ക്കോ, അയക്കുന്ന കത്തിടപാടുകൾ ബഹുമാനസൂചകമല്ലാത്തതോ, അനുചിതമായോ ആയ ഭാഷാപ്രയോഗമുൾക്കൊള്ളുന്നവയായിരിക്കരുത്.

11(16) പോലീസുകാരുടെ പൊതുവേയും, അസോസിയേഷനെ സംബന്ധിച്ച് പ്രത്യേകിച്ചുമുള്ള അവകാശങ്ങൾ, ആവശ്യങ്ങൾ, അവശതകൾ, വീക്ഷണം വികാരങ്ങൾ മുതലായവയെക്കുറിച്ച് ശബ്ദമുയർത്തണമെന്ന് ലക്ഷ്യത്തോടെ ചെയ്യുന്ന ഏതുതരം പ്രവർത്തനങ്ങളും, പോലീസ് സേനയുടെ നിയമാനുസരണമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിൽ താമസ, തടസ്സമോ,

പ്രതിബന്ധമോ, നിർത്തിവയ്ക്കപ്പെടലിനോ, ഇടവരാത്തവിധം അച്ചടക്കത്തിനനുയോജ്യമായ വിധം സംഘടിപ്പിക്കേണ്ടതാണ്.

11(17) യൂണിറ്റ് മേധാവിയ്ക്കോ/വകുപ്പദ്ധ്യക്ഷനോ ഈ വ്യവസ്ഥകൾക്ക് വിരുദ്ധമായി നടത്തുന്ന ഏതൊരു യോഗത്തിന്റേയും നടപടികൾ അദ്ദേഹത്തിന് ആവശ്യമെന്ന് തോന്നുന്ന അന്വേഷണം നടത്തിയതിനുശേഷം നിയമസാധുതയില്ലാത്തതും പ്രാബല്യമില്ലാത്തതുമായി പ്രഖ്യാപിക്കുന്നതിനവകാശമുണ്ടായിരിക്കുന്നതാണ്.

12. ധനകാര്യങ്ങൾ

12(1) അസോസിയേഷന്റെ പ്രവർത്തന മൂലധനം അംഗങ്ങളിൽ നിന്നും സമാഹരിക്കുന്ന വരിസംഖ്യകളും, ഗവൺമെന്റിൽ നിന്ന് ഏതെങ്കിലും ഗ്രാന്റ് നൽകുന്നുണ്ടെങ്കിൽ അതും, പ്രവർത്തന ഫണ്ടും, ക്ഷേമ പ്രവർത്തനങ്ങൾക്കും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും സമാഹരിക്കുന്ന ഫണ്ടും, ഗവൺമെന്റിന്റെ മുൻകൂട്ടി അനുവാദത്തോടെ ശേഖരിക്കുന്ന പണവും മാത്രമുൾക്കൊള്ളുന്നതും അത് അസോസിയേഷന്റെ ലക്ഷ്യങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിനായി ഉപയോഗിക്കേണ്ടതാണ്. *നം. 12(1) ഭേദഗതി - ജി.ഒ.(കൈ) നമ്പർ 76/2013/ആഭ്യന്തരം തീയതി : 23-03-2013 (പേജ് നമ്പർ 42-ൽ നോക്കുക)*

12(2) അസോസിയേഷൻ അതിലെ അംഗങ്ങളിൽ നിന്നും വരിസംഖ്യ, പ്രവർത്തന ഫണ്ട്, സമ്മേളന ഫണ്ട്, കാവൽ കൈരളി വരിസംഖ്യ, ക്ഷേമ പ്രവർത്തനങ്ങൾക്കും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുമുള്ള ഫണ്ട് ഒഴികെ പണം ആവശ്യപ്പെടുകയോ സമാഹരിക്കുകയോ ചെയ്തു കൂടാത്തതുമാകുന്നു. പ്രസ്തുത ഫണ്ടുകൾ സമ്മതമുള്ള അംഗങ്ങളിൽ നിന്നും നേരിട്ടോ ബാങ്കു (ATM) വഴിയോ സ്വരൂപിക്കാവുന്നതാകുന്നു. *നം. 12(2) ഭേദഗതി - ജി.ഒ.(കൈ) നമ്പർ 76/2013/ആഭ്യന്തരം തീയതി : 23-03-2013 (പേജ് നമ്പർ 43-ൽ നോക്കുക)*

12(3) ഏതെങ്കിലും വ്യക്തികളിൽനിന്നോ, സന്നദ്ധ സംഘങ്ങളിൽ നിന്നോ, മറ്റു സംഘടനകളിൽ നിന്നോ, അസോസിയേഷൻ സംഭാവന സ്വീകരിച്ചുകൂടാത്തതാകുന്നു.

12(4) അംഗത്വഫീസും, പ്രവേശനഫീസും, ബ്രാഞ്ച് അസോസിയേഷനും സംസ്ഥാന അസോസിയേഷനും 2:1 എന്ന അനുപാതത്തിൽ വീതിച്ചിരിക്കേണ്ടതാണ്.

12(5) ജില്ലാ കമ്മിറ്റി / സംസ്ഥാന കമ്മിറ്റി

*നം. 12(5) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 56-ൽ നോക്കുക)*

12(5) (1) പ്രവേശനഫീസിനും അംഗത്വഫീസിനുമുള്ള ഒരു രശീതിബുക്കും

12(5) (2) ദൈനംദിന പണമിടപാടുകൾ രേഖപ്പെടുത്തുന്നതിനുള്ള ഒരു ക്യാഷ് ബുക്കും

12(5) (3) ഒരു അംഗത്വ രജിസ്റ്ററും സൂക്ഷിക്കേണ്ടതാണ്.

12(6) ഈ റിക്കാർഡുകൾ ഏതൊരംഗത്തിനും അതുപോലെ യൂണിറ്റ് മേധാവി/ വകുപ്പദ്ധ്യക്ഷൻ നാമനിർദ്ദേശം ചെയ്യുന്നയാൾക്കും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

12(7) യൂണിറ്റ് മേധാവി/വകുപ്പദ്ധ്യക്ഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരു സംഘം ആഡിറ്റർമാരാലോ, ആഡിറ്റർ ബോർഡിനാലോ മുൻവർഷത്തെ എല്ലാ കണക്കുകളും വർഷത്തിലൊരിക്കൽ, ജൂൺ 30-ാം തീയതിക്ക് മുമ്പായി ആഡിറ്റിന് വിധേയമാക്കേണ്ടതും, ആവശ്യമാണെന്ന് കണ്ടാൽ ആ ആഡിറ്റ് റിപ്പോർട്ടിന്മേൽ വേണ്ടതായ നടപടികൾ എടുക്കാവുന്നതുമാണ്.

12(8) പ്രവർത്തനങ്ങളുടെ സുതാര്യതക്കും കാര്യക്ഷമതക്കും ആവശ്യമായ രജിസ്റ്ററുകളും റിക്കോർഡുകളും ഉണ്ടാക്കി സൂക്ഷിക്കേണ്ടതാണ്.

*നം. 12(8) ഭേദഗതി - ജി.ഒ.(എം.എസ്.) നമ്പർ 178/2015/ആഭ്യന്തരം തീയതി : 20-08-2015 (പേജ് നമ്പർ 56-ൽ നോക്കുക)*

**13 ഭരണഘടന ഭേദഗതി ചെയ്യൽ**

ഈ ഭരണഘടനയിൽ ഒരു ഭേദഗതി വരുത്തുന്നതിന് സംസ്ഥാന അസോസിയേഷന്റെ ജനറൽ ബോഡിക്ക് മാത്രം അധികാരം ഉണ്ടായിരിക്കുന്നതും അതിന് മൊത്തം അംഗങ്ങളുടെ ഭൂരിപക്ഷവും ഹാജരുള്ളവരിൽ മൂന്നിൽ രണ്ടു ഭാഗത്തിന്റെ ഭൂരിപക്ഷവും ആവശ്യമായിരിക്കുന്നതുമാണ്. ഒരു ഭേദഗതി സംസ്ഥാന അസോസിയേഷൻ ഗവൺമെന്റിൽ നിന്നും അനുവാദം വാങ്ങിയതിനുശേഷം പ്രയോഗത്തിൽ വരികയുള്ളൂ.

7

# കേരള സർക്കാർ

## സംഗ്രഹം

ആഭ്യന്തര വകുപ്പ് -കേരളാ പോലീസ് അസോസിയേഷൻ ഭരണഘടന-ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആഭ്യന്തര (എസ്. എസ്. ബി) വകുപ്പ്

സർക്കാർ ഉത്തരവ് (എംഎസ്) നമ്പർ 178/2015/ആഭ്യന്തരം

തീയതി, തിരുവനന്തപുരം, 20-08-2015.

---

പരാമർശം:-1. സർക്കാർ ഉത്തരവ് (കൈ) 134/79/ആഭ്യന്തരം തീയതി 4-10-1979.
2. സർക്കാർ ഉത്തരവ് (കൈ) 81/98/ആഭ്യന്തരം തീയതി 16-04-1998.
3. സർക്കാർ ഉത്തരവ് (കൈ) 23/04/ആഭ്യന്തരം തീയതി 12-01-2004.
4. സർക്കാർ ഉത്തരവ് (കൈ) 47/10/ആഭ്യന്തരം തീയതി 15-02-2010.
5. സർക്കാർ ഉത്തരവ് (കൈ) 76/13/ആഭ്യന്തരം തീയതി 23-03-2013.
6. കേരള പോലീസ് അസോസിയേഷൻ സെക്രട്ടറിയുടെ നിവേദനം.
7. സംസ്ഥാന പോലീസ് മേധാവിയുടെ 06-11-2012 ലെ സി4/100367/2012 നമ്പർ കത്ത്.
8. സംസ്ഥാന പോലീസ് മേധാവിയുടെ 30-05-2015 ലെ സി4/125900/2013 നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (1) പ്രകാരം നിലവിൽ വന്നതും പരാമർശം (2) മുതൽ (5) വരെയുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതുമായ കേരള പോലീസ് അസോസിയേഷന്റെ ഭരണഘടന കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശം അംഗീകരിക്കണമെന്ന് സൂചന (7), (8) എന്നീ കത്തുകൾ പ്രകാരം സംസ്ഥാന പൊലീസ് മേധാവി ശിപാർശ ചെയ്തിരുന്നു.

സർക്കാർ, സംസ്ഥാന പൊലീസ് മേധാവിയുടെ ശിപാർശകൾ വിശദമായി പരിശോധിച്ചു. കേരള പൊലീസ് അസോസിയേഷന്റെ നിലവിലുള്ള ഭരണഘടനയിൽ ചുവടെ ചേർത്തിരിക്കുന്ന ഭേദഗതികൾ വരുത്തി ഉത്തരവാകുന്നു.

Scanned by CamScanner

| നിലവിലുള്ളത് | ഭേദഗതി ചെയ്തത് |
|---|---|
| | 1 (എ). പതാക<br>സമാധാനത്തിന്റെ സന്ദേശം ഉണർത്തുന്ന നീലനിറത്തിലുള്ളതും വെള്ള നിറത്തി ലുള്ളതും വൃത്തത്തിനുള്ളിൽ യൂണിഫോം അണിഞ്ഞ ഒരു പോലിസ് ഉദ്യോഗസ്ഥൻ കേരള പോലീസ് അസോസിയേഷൻ എന്ന് ആലേഖനം ചെയ്ത് ഭൂഗോളം മുഴുവൻ പ്രകാശം പരത്തി ഒരു കൈയിൽ ദീപശിഖയും മറുകൈയിൽ നീതിയുടെ തുലാസും ഏന്തിയ പോലിസുകാരൻ 3 അടി നീളവും 2 അടി വീതിയും അളവോടുകൂടി യതായിരിക്കും പോലിസ് അസോസിയേഷന്റെ അംഗീകൃത പതാക. |
| 2. പരിധി<br>അസോസിയേഷൻ ബ്രാഞ്ചുകളോടു കൂടി സംസ്ഥാന തലത്തിലുള്ള ഒരു സംഘട നയായിരിക്കും അസോസിയേഷന്റെ പ്രവർത്തനങ്ങൾ കേരള സംസ്ഥാനത്തിൽ മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. | 2. പരിധി<br>അസോസിയേഷന്റെ യൂണിറ്റ് / നിയോജക മണ്ഡലം, ജില്ല, സംസ്ഥാന കമ്മിറ്റികളോടു കൂടി സംസ്ഥാനതലത്തിലുള്ള ഒരു സംഘടനയാ യിരിക്കും അസോസിയേഷന്റെ പ്രവർത്തനങ്ങൾ കേരള സംസ്ഥാനത്തിൽ മാത്രമായി പരിമിത പ്പെടുത്തിയിരിക്കുന്നു |
| 2. ആഫീസ്<br>അസോസിയേഷന്റെ കേന്ദ്ര ആഫീസ് എറണാകുളത്തായിരിക്കും. ബ്രാഞ്ച് ഓഫീ സുകൾ അതാത് ജില്ല / യൂണിറ്റ് ആസ്ഥാനങ്ങളിലായിരിക്കും | 3. ആഫീസ്<br>അസോസിയേഷന്റെ കേന്ദ്ര ഓഫിസ് തിരുവനന്തപുരത്തായിരിക്കും. ജില്ലാ കമ്മിറ്റി ആഫീസുകൾ അതാത് യൂണിറ്റ് ആസ്ഥാനങ്ങളിലായിരിക്കും |
| 4 (ബി). ബ്രാഞ്ച് കേരള പോലീസിലെ താഴെ പറയുന്ന വിഭാഗങ്ങളിൽ സേവന മനുഷ്ടിക്കുന്ന ഹെഡ് കോൺസ്റ്റബിൾ, ഹവീൽദാർ പദവിയുള്ളവരും ഈ ഭരണ ഘടനാ വ്യവസ്ഥകൾക്കനുസൃതമായി രൂപീ കരിച്ചിട്ടുള്ള സംസ്ഥാന അസോസി യേഷന്റെ വ്യവസ്ഥാപിത ഘടകം എന്ന് അർത്ഥമാകുന്നു.<br>1. പോലീസ് ജില്ലകൾ<br>2. സായുധ പോലീസ് ബറ്റാലി യനുകൾ<br>3. ടെലി കമ്യൂണിക്കേഷൻ യൂണിറ്റ് | 4 (ബി). ജില്ലാ കമ്മിറ്റി. |

Scanned by CamScanner

| | |
|---|---|
| - | 4 (ബി).1. കേരള പോലീസിലെ താഴെ പറയുന്ന വിഭാഗങ്ങളിൽ സേവനമനുഷ്ടിക്കുന്ന സീനിയർ സിവിൽപോലിസ് ഓഫീസർ/ ഹവിൽദാർ പദവിയിലുള്ളവരും ഈ ഭരണഘടന വ്യവസ്ഥകൾക്കനുസരണമായി രൂപീകരിച്ചിട്ടുള്ള സംസ്ഥാന കമ്മിറ്റിയുടെ കീഴിൽ ജില്ലാ കമ്മിറ്റിയായി സംഘടിപ്പിച്ചിട്ടുള്ള വ്യവസ്ഥാപിത ഘടകം എന്നർത്ഥമാകുന്നു.<br>1. പോലീസ് ജില്ലകൾ<br>2. സായുധ പോലീസ് ബറ്റാലിയനുകൾ<br>3. ടെലികമ്മ്യൂണിക്കേഷൻ<br>4. കേരള പോലീസ് അക്കാഡമി<br>5. പുതുതായി രൂപീകരിക്കപ്പെടുന്ന ജില്ലകളോ / സായുധ പോലീസ് ബറ്റാലിയനുകളോ അവയും |
| 4. (എഫ്) യൂണിറ്റ് മേധാവി എന്നാൽ ഒരു ജില്ലയുടെയോ ബറ്റാലിയന്റെയോ, ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിന്റെയോ അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക വിഭാഗത്തിന്റെയോ ചുമതല വഹിക്കുന്ന പോലീസ് സൂപ്രണ്ട്/ പോലീസ് കമ്മീഷണർ/ കമാണ്ടന്റ് എന്നർത്ഥമാകുന്നു. | 4. (എഫ്) ജില്ലാ മേധാവി എന്നാൽ ഒരു ജില്ലയുടെയോ ബറ്റാലിയന്റെയോ ടെലി കമ്മ്യൂണിക്കേഷന്റെയോ, പോലിസ് അക്കാഡമി വിഭാഗത്തിന്റെയോ ചുമതല വഹിക്കുന്ന ജില്ലാ പോലിസ് മേധാവി /കമാണ്ടന്റ് / പോലിസ് സൂപ്രണ്ട്/ ഡയറകടർ എന്നർത്ഥമാകുന്നു. |
| 4 (എച്ച്). ജനറൽ ബോഡി എന്നാൽ ബ്രാഞ്ച് അസോസിയേഷന്റെയോ സംസ്ഥാന അസോസിയേഷന്റെയോ ഏതാണെന്നു വച്ചാൽ അതിന്റെ ഔദ്യോഗിക ഭാരവാഹികളെ തെരെഞ്ഞെടുക്കുവാൻ യോഗ്യതയുള്ള ഇലക്ടറോൾ കോളെജ് എന്ന് അർത്ഥമാകുന്നു. | 4. (എച്ച്). സംസ്ഥാന കമ്മിറ്റി എന്നാൽ ഓരോ ജില്ലാ കമ്മിറ്റികളിലെയും തെരെഞ്ഞെടുക്കപ്പെട്ട യോഗ്യതയുള്ള നിർവാഹക സമിതി അംഗങ്ങൾ ഉൾപ്പെട്ട കമ്മിറ്റി എന്ന് അർത്ഥമാകുന്നു. |
| - | 4. (എച്ച്)(1) ജില്ലാ കമ്മിറ്റി എന്നാൽ ബന്ധപ്പെട്ട യൂണിറ്റിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട് വരുന്ന യോഗ്യതയുള്ള അംഗങ്ങൾ ഉൾപ്പെട്ട കമ്മിറ്റി എന്ന് അർത്ഥമാകുന്നു. |
| - | 4 (എച്ച്)(2). ജനറൽ ബോഡി എന്നാൽ സംസ്ഥാന /ജില്ല കമ്മിറ്റികളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ നിന്നും അതിൽ ഏതാണെന്ന് വെച്ചാൽ അതിലെ യോഗ്യതയുള്ള എല്ലാ അംഗങ്ങളും ഉൾപ്പെട്ട പൊതുയോഗം എന്ന് അർത്ഥമാകുന്നു. |
| 4 (ഐ). വകുപ്പു മേധാവി എന്നാൽ പോലിസ് ഡയറകടർ ജനറൽ എന്ന് അർത്ഥമാകുന്നു | 4. (ഐ). വകുപ്പു മേധാവി എന്നാൽ സംസ്ഥാന പോലിസ് മേധാവി എന്ന് അർത്ഥമാകുന്നു |

Scanned by CamScanner

| | |
|---|---|
| 5 (5) (എച്ച്) ഔദ്യോഗിക കൃത്യനിർവഹണത്തിനിടയിൽ കൊല്ലപ്പെടുകയോ അംഗഭംഗപ്പെടുകയോ ചെയ്യുന്നവരുടെ ക്ഷേമപ്രവർത്തന ങ്ങൾ നടത്തുക | 5 (5) (എച്ച്) ഔദ്യോഗിക കൃത്യ നിർവഹണത്തിനിടയിൽ കൊല്ലപ്പെടുകയോ മരണപ്പെടുകയോ അംഗഭംഗപ്പെടുകയോ ഗുരു തരമായ അവസ്ഥയിൽ ചികിൽസയ്ക്ക് വിധേയമാകുകയോ ചെയ്യുന്നവരുടെ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുക |
| 5(5) (ജെ) അസോസിയേഷൻ അംഗങ്ങൾക്കും അവരുടെ കുടുംബത്തിലെ മറ്റംഗങ്ങൾക്കും വേണ്ടി ഗ്രന്ഥശാല കൾ, വായനശാലകൾ, ക്ലബ്ബുകൾ, സാംസ്കാരിക പരിപാടികൾ, കോച്ചിംഗ് ക്ളാസുകൾ തുടങ്ങി യവയും മറ്റ് സേവനങ്ങളും സംഘടി പ്പിച്ച് വിദ്യാഭ്യാസ വിനോദ സൗകര്യ ങ്ങൾ ഉണ്ടാക്കുക. | 5(5) (ജെ). സംസ്ഥാന പൊലീസ് മേധാവിയുടെ അംഗീകാരത്തിനു വിധേയമായി, അസോസിയേഷൻ അംഗങ്ങൾക്കും അവരുടെ കുടുംബത്തിലെ മറ്റംഗങ്ങൾക്കും വേണ്ടി പ്രസിദ്ധീകരണങ്ങൾ, ഗ്രന്ഥശാല കൾ, വായനശാലകൾ, ക്ലബ്ബുകൾ, സാംസ്കാ രിക പരിപാടികൾ, കോച്ചിംഗ് ക്ളാസുകൾ തുടങ്ങിയവയും മറ്റ് സേവനങ്ങളും സംഘ ടിപ്പിച്ച് വിദ്യാഭ്യാസ വിനോദ സൗകര്യങ്ങൾ ഉണ്ടാക്കുക. |
| 6 (എ)(1) കേരള പോലീസിലെ ഹെഡ് കോൺസ്റ്റബിൾ/ ഹവിൽദാർ തസ്തികകകളിലും അതിനു താഴെ തസ്തികകളിലും സേവനം നടത്തുന്ന പ്രൊബേഷൻ പൂർത്തീകരിച്ച അംഗ ങ്ങൾക്കുമായി അസോസിയേഷൻ അംഗത്വം പരിമിതപ്പെടുത്തിയിരി ക്കുന്നു. | 6 (എ)(1) കേരള പോലീസിലെ സീനിയർ സിവിൽ പൊലീസ് ഓഫീസർ/ ഹവിൽദാർ തസ്തികകകളിലും അതിനു താഴെ തസ്തികകളിലും സേവനം നടത്തുന്ന പ്രൊബേഷൻ പൂർത്തീകരിച്ച അംഗങ്ങൾ ക്കുമായി അസോസിയേഷൻ അംഗത്വം പരിമിതപ്പെടുത്തി യിരിക്കുന്നു. |
| .6. (ബി). (2). ഒരാൾ താൻ അംഗ മായിരിക്കുന്ന സമിതിയുടെ രണ്ട് യോഗങ്ങളിൽ മതിയായ കാരണങ്ങൾ കൂടാതെ തുടർച്ചയായി പങ്കുകൊള്ളാതിരുന്നാൽ | 6. (ബി) (2). ഒരാൾ താൻ അംഗമായിരിക്കുന്ന സമിതിയുടെ മൂന്ന് യോഗങ്ങളിൽ മതിയായ കാരണങ്ങൾ കൂടാതെ തുടർച്ച യായി പങ്കുകൊള്ളാതിരുന്നാൽ |
| 6. (സി). (2).ഈ ചട്ടങ്ങളിലെ ഏതെങ്കിലും വകുപ്പ് പ്രകാരം അയോഗ്യനായിട്ടുള്ള ഒരംഗം ഹാജരുള്ളതോ പങ്കെടുക്കുക യോ ചെയ്യുന്ന ബ്രാഞ്ച് അസോസിയേഷന്റെയോ ഏതെങ്കിലും യോഗ നടപടികൾ ദുർബലവും നിയമസാധുത ഇല്ലാത്തതുമായിരിക്കും | 6. (സി). (2). ഈ ചട്ടങ്ങളിലെ ഏതെങ്കിലും വകുപ്പ് പ്രകാരം അയോഗ്യനായിട്ടുള്ള ഒരംഗം ഹാജരുള്ളതോ പങ്കെടുക്കുകയോ ചെയ്യുന്ന ജില്ലാ കമ്മിറ്റിയുടെയോ, സംസ്ഥാന കമ്മിറ്റിയുടെയോ ഏതെങ്കിലും യോഗ നടപടികൾ ദുർബലവും നിയമസാധുത ഇല്ലാത്തതുമായിരിക്കും |
| 6. (സി) (3). ഒരംഗത്തിന്റെ അംഗത്വം അവസാനിപ്പിച്ചതിലോ ഒരംഗത്തിന്റെയോ ഔദ്യോഗിക ഭാരവാഹിയുടെയോ അയോഗ്യത സംബന്ധിച്ചോ അയോഗ്യ നായിട്ടുള്ള ഒരംഗത്തിന്റെ ബ്രാഞ്ച് അസോസിയേഷന്റെയോ സംസ്ഥാന അസോസിയേഷന്റെയോ ഒരു യോഗ ത്തിലെ സാന്നിദ്ധ്യത്തെയോ, ഭാഗഭാഗിത്വ ത്തേയോ സംബന്ധിച്ച് എന്തെങ്കിലും തർക്കമുണ്ടാകുന്ന സന്ദർഭത്തിൽ യൂണിറ്റ് മേധാവിക്കോ വകുപ്പ് മേധാവിക്കോ, ഏതാണെന്ന് വച്ചാൽ അവർക്ക് സ്വമേധ യാലോ, നിവേദനത്തിന്മേലോ അന്വേ ഷണം നടത്തി എടുക്കുന്ന തീരുമാനം അവസാന തീരുമാനമായിരിക്കുന്നതാണ്. | 6. (സി) (3). ഒരംഗത്തിന്റെ അംഗത്വം അവസാനിപ്പിച്ചതിലോ ഒരംഗത്തിന്റെയോ ഔദ്യോഗിക ഭാരവാഹിയുടെയോ അയോഗ്യത സംബന്ധിച്ചോ അയോഗ്യനായിട്ടുള്ള ഒരംഗ ത്തിന്റെ ജില്ലാ കമ്മിറ്റി യുടെയോ സംസ്ഥാന കമ്മിറ്റിയുടെയോ ഒരു യോഗത്തിലെ സാന്നിദ്ധ്യ ത്തെയോ, ഭാഗഭാഗിത്വത്തേയോ സംബന്ധിച്ച് എന്തെങ്കിലും തർക്കമു ണ്ടാകുന്ന സന്ദർഭത്തിൽ യൂണിറ്റ് മേധാവിക്കോ വകുപ്പ് മേധാവിക്കോ. ഏതാണെന്ന് വച്ചാൽ അവർക്ക് സ്വമേധയാലോ നിവേദനത്തിന്മേലോ അന്വേഷണം നടത്തി എടുക്കുന്ന തീരുമാനം അവസാന തീരുമാനമായി രിക്കുന്നതാണ്. |

| 7. സംഘടന | 7. സംഘടന |
|---|---|
| 7 (1). ബ്രാഞ്ച് അസോസിയേഷൻ താഴെ പറയുന്ന വിഭാഗങ്ങളിൽപ്പെടുന്ന യോഗ്യരായ അംഗങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കും ഒരു ബ്രാഞ്ച് അസോസിയേഷൻ | 7 (1). ജില്ലാ കമ്മിറ്റി താഴെ പറയുന്ന വിഭാഗങ്ങളിൽപ്പെടുന്ന യോഗ്യരായ അംഗങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കും ഒരു ജില്ലാ കമ്മിറ്റി |
| 7.(1)(എ) (1) ഒരു പോലിസ് ജില്ലയിലെ പൊതുഭരണ നിർ വഹണത്തിലുള്ള ഹെഡ് കോൺസ്റ്റബിൾ തസ്തികയിലും തുല്യമായ തസ്തികകളിലും അവർക്ക് താഴെ തസ് തികകളിലുമുള്ള എല്ലാ പോലിസ്ഉദ്യോഗസ്ഥന്മാരും | 7.(1)(എ) (1) ഒരു പോലിസ് ജില്ലയിലെ പൊതുഭരണ നിർവഹണത്തിലുള്ള സീനിയർ സിവിൽ പോലീസ് ഓഫീസർ തസ്തികയിലും തതുല്യ മായ തസ്തികകളിലും അവർക്ക് താഴെ തസ്തികകളിലുമുള്ള എല്ലാ പോലിസ് ഉദ്യോഗസ്ഥന്മാരും |
| 7.(1)(എ). (2) ജില്ലാ സായുധ പോലീസിലെ സീനിയർ ഹെഡ് കോൺസ്റ്റബിൾ / ഹവിൽദാർ തസ്തികകളിലും തത്തുല്യമായ തസ്തികകളിലും അവർക്ക് താഴെ തസ്തികകളിലുമുള്ള എല്ലാ പോലിസ്ഉദ്യോഗസ്ഥന്മാരും | 7.(1)(എ). (2) ജില്ലാ സായുധ പോലീസിലെ സീനിയർ സിവിൽ പോലിസ് ഓഫീസർ / ഹവിൽദാർ തസ്തികകളിലും തത്തുല്യമായ തസ്തികകളിലും അവർക്ക് താഴെ തസ്തികകളിലുമുള്ള എല്ലാ പോലിസ് ഉദ്യോഗസ്ഥന്മാരും |
| 7.(1). (സി) സംസ്ഥാന ടെലികമ്യൂണിക്കേഷൻ വിഭാഗത്തിലെ ഹെഡ് കോൺസ്റ്റബിൾ / ഹവിൽദാർ തസ്തികകളിലും തത്തുല്യമായ തസ്തികകളിലും അവർക്ക് താഴെ തസ്തികകളിലുമുള്ള എല്ലാ പോലിസ് ഉദ്യോഗസ്ഥൻമാരും. | 7. (1). (സി) സംസ്ഥാന ടെലികമ്യൂണിക്കേഷൻ, പോലീസ് അക്കാഡമി വിഭാഗത്തിലെ സീനിയർ സിവിൽ പോലീസ് ഓഫീസർ. / ഹവിൽദാർ തസ്തികകളിലും തത്തുല്യമായ തസ്തികകളിലും അവർക്ക് താഴെ തസ്തികകളിലുമുള്ള എല്ലാ പോലിസ് ഉദ്യോഗസ്ഥൻമാരും. |
| 7. (2). (എ) ഒരു ബ്രാഞ്ചിലെ എല്ലാ യോഗ്യരായ അംഗങ്ങളും ഓരോ നിയോജക മണ്ഡലങ്ങളിൽ നിന്നും ബ്രാഞ്ച് ഇലക്ടറൽ കോളേജിലേക്ക് താഴെ നിർദേശിക്കുന്ന വിധം പ്രതിനിധികളെ തെരെഞ്ഞെടുക്കേണ്ടതാണ്. | 7. (2). (എ) ഒരു ജില്ലാ കമ്മിറ്റിയിലെ എല്ലാ യോഗ്യരായ അംഗങ്ങളും ഓരോ നിയോജക മണ്ഡലങ്ങളിൽ നിന്നും ജില്ലാ ഇലക്ടറൽ കോളേജിലേക്ക് താഴെ നിർദേശിക്കുന്ന വിധം പ്രതിനിധികളെ തെരെഞ്ഞെടുക്കേണ്ടതാണ്. |
| 7. (2)(ബി) (5) ടെലികമ്യൂ ണിക്കേഷൻ എന്നീ വിഭാഗ ങ്ങളിലെ എല്ലാ യോഗ്യരായ അംഗങ്ങളും ചേർന്ന് ഒരാരോ നിയോജക മണ്ഡലമായിരിക്കും | 7. (2)(ബി) (5) ടെലികമ്യൂണിക്കേഷൻ, കേരള പോലീസ് അക്കാഡമി എന്നീ വിഭാഗങ്ങളിലെ എല്ലാ യോഗ്യരായ അംഗങ്ങളും ചേർന്ന് ഓരോ നിയോജക മണ്ഡലമായിരിക്കും |
| 7. (2) (സി) ബ്രാഞ്ച് ഇലക്ടറൽ കോളേജ്, വിവിധ നിയോജക മണ്ഡലങ്ങളിൽ നിന്നും തെരെഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ ഉൾക്കൊള്ളുന്നതായിരിക്കും. അത് ബ്രാഞ്ച് ജനറൽ ബോഡി ആയിരിക്കും. | 7. (2) (സി) ജില്ലാ കമ്മിറ്റി, വിവിധ യൂണിറ്റുകളിൽ നിന്നും നിയോജക മണ്ഡലങ്ങളിൽ നിന്നും തെരെഞ്ഞെടുക്കപ്പെട്ട് വരുന്ന അംഗങ്ങൾ ഉൾപ്പെടുന്നതാ യിരിക്കും ജില്ലാ കമ്മിറ്റി. അത് ജില്ലാ കമ്മിറ്റിയുടെ ജനറൽ ബോഡി ആയിരിക്കും. |

Scanned by CamScanner

| | |
|---|---|
| 7 (2) (എഫ്) ബ്രാഞ്ച് ഇലക്ടറൽ കോളേജ് ഏക ണ്ഠമായോ തലയെണ്ണമെടുത്തോ, കൈ കാണിച്ചോ, നറുക്കെടുത്തോ താഴെ പറയുന്നവരെ തെരെഞ്ഞെടുക്കേണ്ടതാണ്. | 7 (2) (എഫ്) ജില്ലാ കമ്മിറ്റി ഏകണ്ഠമായോ തലയെണ്ണമെടുത്തോ, കൈ പൊക്കിയോ നറുക്കെടുത്തോ താഴെ പറയുന്നവരെ തെരെഞ്ഞെടുക്കേണ്ടതാണ്. |
| 7 (2) (എഫ്) (1) ബ്രാഞ്ച് അസോസിയേഷന്റെ ഔദ്യോഗിക ഭാരവാഹികളെ | 7 (2) (എഫ്) (1) ജില്ലാ ഭാരവാഹികളെയും നിർവാഹക സമിതി അംഗങ്ങളെയും |
| 7 (2) (എഫ്) (2) യൂണിറ്റ് പോലീസ് സ്റ്റാഫ് കൗൺസിലിലേക്കുള്ള പ്രതിനിധികളെ എന്നാൽ പ്രത്യേക വിഭാഗത്തിൽ നിന്നുമുള്ള പ്രതിനിധികൾക്ക് യൂണിറ്റ് പോലീസ് സ്റ്റാഫ് കൗൺസിലിലേക്ക് തെരെഞ്ഞെടുക്കപ്പെടുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല | 7 (2) (എഫ്) (2) ജില്ലാ സ്റ്റാഫ് കൗൺസിൽ പ്രതിനിധികളെ |
| 7 (2) (എച്ച്). എല്ലാ ബ്രാഞ്ച് അസോസിയേഷനുകളുടെയും ഔദ്യോഗിക ഭാരവാഹികൾ ഉൾപ്പെടെയുള്ള നിർവാഹക സമിതി അംഗങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കും സംസ്ഥാന ഇലക്ടറൽ കോളേജ് അത് സംസ്ഥാന അസോസിയേഷന്റെ ജനറൽ ബോഡി ആയിരിക്കുന്നതാണ്. അത് ഏകകണ്ഠമായോ തലയെണ്ണിയോ, കൈ പൊക്കിയോ, നറുക്കെടുത്തോ താഴെ പറയുന്നവരെ തെരെഞ്ഞെടുക്കപ്പെടേണ്ടതാണ്. | 7 (2) (എച്ച്). ഓരോ ജില്ലാ കമ്മിറ്റികളിലേക്ക് ഭാരവാഹികൾ ഉൾപ്പെടെയുള്ള നിർവാഹക സമിതി അംഗങ്ങൾ ഉൾപ്പെടുന്നതാണ് സംസ്ഥാന കമ്മിറ്റി. സംസ്ഥാന കമ്മിറ്റി ഏകകണ്ഠമായോ തലയെണ്ണം എടുത്തോ, കൈപൊക്കിയോ, നറുക്കെടുത്തോ താഴെ പറയുന്നവരെ തെരെഞ്ഞെടുക്കേണ്ടതാണ്. |
| 7 (2) (എച്ച്)(1). സംസ്ഥാന പോലീസ് അസോസിയേഷൻ ഔദ്യോഗിക ഭാരവാഹികളെ | 7 (2) (എച്ച്)(1). സംസ്ഥാന അസോസിയേഷൻ ഔദ്യോഗിക ഭാരവാഹികളെയും, നിർവാഹക സമിതി അംഗങ്ങളെയും |
| 7 (2) (എച്ച്) (2) സംസ്ഥാന പോലീസ് സ്റ്റാഫ് കൗൺസിലിലേക്കുള്ള പ്രതിനിധികളെ | 7 (2) (എച്ച്) (2). സംസ്ഥാന സ്റ്റാഫ് കൗൺസിൽ അംഗങ്ങളെ |
| 7 (3) വരണാധികാരി | 7 (3) വരണാധികാരി |
| 7 (3) (i) ബ്രാഞ്ച് ഇലക്ടറൽ കോളേജിലേക്ക് | - |
| 7 (3) (ii). ബ്രാഞ്ച് അസോസിയേഷന്റെ ഔദ്യോഗിക ഭാരവാഹികളുടെയും യൂണിറ്റ് സ്റ്റാഫ് കൗൺസിൽ പ്രതിനിധികളുടെയും പ്രത്യേക വിഭാഗങ്ങളിലുള്ള സ്റ്റാഫ് കൗൺസിൽ പ്രതിനിധികളുടെയും | - |

Scanned by CamScanner

| | |
|---|---|
| 7 (3) (iii) സംസ്ഥാന അസോസിയേഷന്റെ ഔദ്യോഗിക ഭാരവാഹികളുടെയും സംസ്ഥാന പോലീസ് സ്റ്റാഫ് കൗൺസിൽ പ്രതിനിധികളുടെയും | |
| - | 7 (3) (എ) (1). യൂണിറ്റ് / നിയോജക മണ്ഡലങ്ങളിൽ നിന്നും ഉള്ള ജില്ലാ കമ്മിറ്റി അംഗങ്ങളുടെ തെരെഞ്ഞെടുപ്പ് |
| 7 (4). ബ്രാഞ്ച് അസോസിയേഷൻ | 7 (4). ജില്ലാ കമ്മിറ്റി |
| 7 (4) (എ). പോലീസ് ജില്ല കളിലെയും സായുധ പോലീ സ് ബറ്റാലിയനുകളിലേയും, ടെലികമ്യൂണിക്കേഷൻ വിഭാഗത്തിന്റെയും ബ്രാഞ്ച് അസോസിയേഷനുകളിൽ | 7 (4) (എ). പോലീസ് ജില്ലകളിലെയും, സായുധ പോലീസ് ബറ്റാലിയനുകളിലെയും, ടെലികമ്യൂണിക്കേഷൻ, കേരള പോലീസ് അക്കാഡമി വിഭാഗ ത്തിന്റെയും ജില്ലാ കമ്മിറ്റികളിൽ |
| 7 (4) (ബി). പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഖജാൻജി എന്നിവരെല്ലാം ഉൾപ്പെടെ നിർവാഹക സമിതിയിൽ ആകെ 11 അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്. ഈ നിർവാഹക സമിതിയെ ബ്രാഞ്ച് ഇലക്ടറൽ കോളേജിലെ അംഗങ്ങൾ അവരുടെ കൂട്ടത്തിൽ നിന്നു തന്നെ ഏകകണ്ഠ മായോ, തലയെണ്ണിയോ, കൈകാണിച്ചോ, നറുക്കെ ടുത്തോ തെരെഞ്ഞെ ടുക്കപ്പെടേണ്ടതാണ്. | 7 (4) (ബി). പ്രസിഡന്റ്, വൈസ് പ്രസിഡന്റ്. സെക്രട്ടറി. ജോയിന്റ് സെക്രട്ടറി. ഖജാൻജി എന്നിവരെല്ലാം ഉൾപ്പെടെ നിർവാഹക സമിതിയിൽ കുറഞ്ഞത് 11 അംഗങ്ങൾ ഉണ്ടായിരി ക്കുന്നതാണ്. ജില്ലാ സമിതിയിൽ 50 അംഗങ്ങൾ വരെ 11 പേരും, 100 അംഗങ്ങൾ വരെ 13 പേരും നൂറ് അംഗങ്ങളിൽ കൂടുതൽ വരികയാണെങ്കിൽ 15 പേരും നിർവാഹക സമിതിയിൽ ഉണ്ടായിരിക്കുന്നതാണ്. ഈ നിർവാഹക സമിതിയെ ജില്ലാ കമ്മിറ്റി അംഗങ്ങൾ അവരുടെ കൂട്ടത്തിൽ നിന്നു തന്നെ ഏകകണ്ഠമായോ. തലയെണ്ണിയോ, കൈ ഉയർത്തിയോ, നറുക്കെടു ത്തോ, തെരെഞ്ഞെടുക്കപ്പെടേണ്ടതാണ്. |
| 7 (5). (എ). സംസ്ഥാന അസോസിയേഷൻ | 7 (5). (എ). സംസ്ഥാന കമ്മിറ്റി |
| 7 (5). (എ). (5). ഒരു ഖജാൻജിയും, ഒരു നിർവാഹക ജനറൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഖജാൻജി എന്നിവരെല്ലാം ഉൾപ്പെടെ നിർവാഹക സമിതിയിലാകെ മൊത്തം 24 അംഗങ്ങളുണ്ടായിരിക്കണം. ഇവരെ ഈ ഭരണഘടനയിലെ 7 (2) ചട്ട പ്രകാരം രൂപീകരിച്ചിട്ടുള്ള സംസ്ഥാന ഇലക്ടറൽ കോളേജിലെ അംഗങ്ങൾ അവ രുടെ കൂട്ടത്തിൽ നിന്നും ഏകകണ്ഠ മായോ, തലയെണ്ണിയോ, കൈകാണിച്ചോ, നറുക്കെടുത്തോ തെരെഞ്ഞെടുക്കേണ്ടതാണ്. | 7 (5). (എ). (5). ഒരു ഖജാൻജിയും ഒരു നിർവാഹക സമിതിയും ഉണ്ടായിരിക്കും. പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി ജോയിന്റ് സെക്രട്ടറി, ഖജാൻജി എന്നിവരെല്ലാം ഉൾപ്പെടെ നിർവാഹക സമിതിയിലാകെ 28 അംഗങ്ങളുണ്ടായിരിക്കണം. അവരെ ഈ ഭരണഘടനയിലെ 7(2) ചട്ട പ്രകാരം സ്വീകരിച്ചിട്ടുള്ള സംസ്ഥാന കമ്മിറ്റിയിലെ അംഗങ്ങൾ അവരുടെ കൂട്ടത്തിൽ നിന്നും ഏകകണ്ഠമായോ, തലയെണ്ണിയോ, നറുക്കെ ടുത്തോ തെരെഞ്ഞെടുക്കേണ്ടതാണ്. |

Scanned by CamScanner

| | |
|---|---|
| - | 7 (5) (ബി). വിവിധ വിഭാഗങ്ങളിൽ നിന്ന് (വനിത/ ഡ്രൈവർ സംസ്ഥാന ഭാരവാഹികൾ ഉൾപ്പെടുന്ന ജില്ലകൾ) പ്രാതിനിധ്യം ഉറപ്പു വരുത്തുന്നതിനുവേണ്ടി പരമാവധി 9 പ്രതിനിധികളെ വരെ സംസ്ഥാന നിർവാഹക സമിതിയിലേക്ക് കോ-ഓപ്റ്റ് ചെയ്യാൻ നിർവാഹക സമിതിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. |
| 7 (5) (സി) സംസ്ഥാന അസോസിയേഷന്റെ പ്രതിനിധികളായി 8 പ്രതിനിധികളെ സംസ്ഥാന ഇലക്ടറൽ കോളേജ് അംഗങ്ങൾക്ക് അവരിൽ നിന്നു തന്നെ സംസ്ഥാന പോലീസ് സ്റ്റാഫ് കൗൺസിലേക്ക് ഏകകണ്ഠമായോ, തലയെണ്ണിയോ, കൈകാണിച്ചോ നറുക്കെടുത്തോ തെരെഞ്ഞെടുക്കാവുന്നതാണ് | 7 (5) (സി) സംസ്ഥാന സ്റ്റാഫ് കൗൺസിൽ അംഗങ്ങളായി എട്ട് പ്രതിനിധികളെ സംസ്ഥാന സമിതിയിൽ നിന്നും ഏകകണ്ഠമായോ, കൈപൊക്കിയോ, നറുക്കെടുപ്പിലൂടെയോ അംഗങ്ങൾക്ക് തെരെഞ്ഞെടുക്കാവുന്നതാണ്. |
| 8. തെരെഞ്ഞെടുപ്പുകൾ | 8. തെരെഞ്ഞെടുപ്പുകൾ |
| 8 (1). ബ്രാഞ്ച് അസോസിയേഷനിലേക്കും, സംസ്ഥാന അസോസിയേഷനിലേക്കും മറ്റു വിവിധ ഓഫീസിലേക്കുള്ള തെരെഞ്ഞെടുപ്പുകൾ ഓരോ വർഷവും ജൂലൈ മാസത്തിൽ നടത്തേണ്ടതാണ്. | 8 (1). ജില്ലാ കമ്മിറ്റിയിലേക്കും മറ്റു വിവിധ യൂണിറ്റുകൾ/ ഓഫീസുകളിലേക്കുള്ള തെരെഞ്ഞെടുപ്പുകൾ രണ്ടു വർഷത്തിലൊരിക്കൽ ജൂലൈ മാസത്തിൽ നടത്തിയിരിക്കേണ്ടതാണ്. സംസ്ഥാന കമ്മിറ്റിയിലേക്കുള്ള തിരഞ്ഞെടുപ്പ് രണ്ടു വർഷത്തിലൊരിക്കൽ ആഗസ്റ്റ് മാസത്തിൽ നടത്തിയിരിക്കേണ്ടതാണ്. |
| 8 (2). ഓരോ വർഷവും മെയ് മാസം 1-ാം തീയതിക്കും 31-ാം തീയതിക്കും ഇടയ്ക്ക് യൂണിറ്റ് മേധാവി യോഗ്യതയുള്ള എല്ലാ അംഗങ്ങളുടെയും നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിച്ചിരിക്കേണ്ടതാണ്. | 8 (2). രണ്ടു വർഷത്തിലൊരിക്കൽ മെയ് മാസം 1-ാം തീയതിക്കും 31-ാം തീയതിക്കും ഇടയ്ക്ക് യൂണിറ്റ് മേധാവി യോഗ്യതയുള്ള എല്ലാ അംഗങ്ങളുടെയും നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിച്ചിരിക്കേണ്ടതാണ്. |
| 8 (8). (ബി) ബ്രാഞ്ച് ഇലക്ടറൽ കോളേജിലേക്കുള്ള തെരഞ്ഞെടുപ്പിനെ സംബന്ധിച്ചുള്ള അപ്പീലുകൾ യൂണിറ്റ് മേധാവിയാൽ നാമനിർദേശം ചെയ്യുന്ന ഒരു പോലീസ് സബ്ഡിവിഷണൽ ഓഫീസറോ, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടോ, അസിസ്റ്റന്റ് കമാണ്ടന്റോ തീർപ്പു ചെയ്യുന്നതും അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്. | 8 (8). (ബി). ജില്ലാ കമ്മിറ്റിയിലേക്കുള്ള തെരെഞ്ഞെടുപ്പിനെ സംബന്ധിച്ചുള്ള അപ്പീലുകൾ യൂണിറ്റ് മേധാവിയാൽ നാമനിർദേശം ചെയ്യുന്ന ഒരു പോലീസ് സബ്ഡിവിഷണൽ ഓഫീസറോ, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടോ, അസിസ്റ്റന്റ് കമാണ്ടന്റോ തീർപ്പു ചെയ്യുന്നതും അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കു ന്നതുമാണ്. |

Scanned by CamScanner

| | |
|---|---|
| 8 (8) (സി). ബ്രാഞ്ച് അസോസിയേഷനിലേക്കോ, യൂണിറ്റ് പോലീസ് സ്റ്റാഫ് കൗൺസിലിലേക്കോ ഉള്ള തെരെഞ്ഞെടുപ്പുകളെ സംബന്ധിക്കുന്ന അപ്പീലുകൾ ആ യൂണിറ്റിന്റെ ചാർജ് വഹിക്കു ന്ന ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് തീർപ്പു ചെയ്യുന്നതും അദ്ദേഹത്തിന്റെ തിരുമാനം അന്തിമ മായിരിക്കുന്നതുമാണ്. | 8 (8) (സി). ജില്ലാ കമ്മിറ്റിയിലേക്കോ യൂണിറ്റ് പോലീസ് സ്റ്റാഫ് കൗൺസിലിലേക്കോ ഉള്ള തെരെഞ്ഞെടുപ്പുകളെ സംബന്ധിക്കുന്ന അപ്പീലുകൾ ആ യൂണിറ്റിന്റെ ചാർജ് വഹിക്കുന്ന ഇൻസ്പെക്ടർ ജനറൽ/ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് തീർപ്പു ചെയ്യുന്നതും അദ്ദേഹത്തിന്റെ തിരുമാനം അന്തിമമായിരിക്കു ന്നതുമാണ്. |
| 8 (8) (ഡി). സംസ്ഥാന അസോസിയേഷനിലേക്കോ, സംസ്ഥാന പോലീസ് സ്റ്റാഫ് കൗൺസിലി ലേക്കോ ഉള്ള തെരഞ്ഞെടുപ്പുകളെ സംബന്ധിക്കുന്ന അപ്പീലു കൾ സംസ്ഥാന പോലീസ് സ്റ്റാഫ് കൗൺസിൽ മുൻപാകെ തീർപ്പിനായി സമർപ്പിക്കേണ്ടതാണ്. അതിനായിട്ടുള്ള കൗൺസിൽ യോഗത്തിന്റെ കേവല ഭൂരിപക്ഷ തീരുമാനം അന്തിമമായിരിക്കു ന്നതുമാണ്. | 8 (8) (ഡി). സംസ്ഥാന കമ്മിറ്റിയിലേക്കോ, സംസ്ഥാന പോലീസ് സ്റ്റാഫ് കൗൺസിലിലേക്കോ ഉള്ള തെരെഞ്ഞെടുപ്പുകളെ സംബന്ധിക്കുന്ന അപ്പീലുകൾ സംസ്ഥാന പോലീസ് സ്റ്റാഫ് കൗൺസിൽ സെക്രട്ടറി സംസ്ഥാന പോലീസ് സ്റ്റാഫ് കൗൺസിൽ മുൻപാകെ തീർപ്പിനായി സമർപ്പിക്കേണ്ടതാണ്. അതിനായിട്ടുള്ള കൗൺസിൽ യോഗത്തിന്റെ കേവല ഭൂരിപക്ഷ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്. |
| 9. കാലാവധി | 9. കാലാവധി |
| 9 (1) തിരഞ്ഞെടുക്കപ്പെടുന്ന ഓരോ അംഗത്തിന്റെയും കാലാവധി ഒരു വർഷമായിരിക്കും | 9 (1) തിരഞ്ഞെടുക്കപ്പെടുന്ന ഓരോ അംഗത്തിന്റെയും കാലാവധി രണ്ടു വർഷമായിരിക്കും |
| 9. (2) നിലവിലുള്ള യൂണിറ്റ് സ്റ്റേറ്റ് സ്റ്റാഫ് കൗൺസിൽ ഒരു പുതിയ കൗൺസിൽ രൂപീകരിക്കുന്നതോടെ ഇല്ലാതാകുന്നതായിരിക്കും. ഏതെങ്കിലും ഒരു ഔദ്യോഗിക ഭാരവാഹിയുടെ സ്ഥാനം, മരണം, ഡിസ്മിസൽ, ഡിസ്ചാർജ്, നീക്കം ചെയ്യൽ, പ്രൊമോഷൻ, പെൻഷൻ, സ്ഥലംമാറ്റം, രാജി, അംഗത്വത്തിന് അയോഗ്യത കൽപ്പിക്കൽ തുടങ്ങിയ കാരണങ്ങളാൽ ഒഴിവു വന്നാൽ ബന്ധപ്പെട്ട ഔദ്യോഗിക ഭാരവാഹികൾ ഉൾപ്പെടെയുള്ള നിർവാഹക സമിതിക്ക് ആ സ്ഥാനം പൂർത്തി യാക്കുവാനുള്ള കാലത്തേക്ക് നാമനിർദേശം ചെയ്തോ, തെരഞ്ഞെടുത്തോ നികത്താവുന്നതാണ് | 9. (2). നിലവിലുള്ള ജില്ല/സ്റ്റേറ്റ് സ്റ്റാഫ് കൗൺസിൽ ഒരു പുതിയ സ്റ്റാഫ് കൗൺസിൽ രൂപീകരിക്കുന്നതോടെ ഇല്ലാതാകുന്നതായിരിക്കും. |
| | 9 (3). ഒരു കമ്മിറ്റിയുടെ കാലാവധി ഒരു പുതിയ കമ്മിറ്റി രൂപീകരിക്കുന്നതു വരെയായിരിക്കും |

Scanned by CamScanner

| | |
|---|---|
| | 9 (4). ഏതെങ്കിലും ഒരു ഔദ്യോഗിക ഭാരവാഹിയുടെ സ്ഥാനം, മരണം, ഡിസ്മിസൽ, ഡിസ്ചാർജ്, നീക്കം ചെയ്യപ്പെടൽ, പ്രൊമോഷൻ, പെൻഷൻ, സ്ഥലംമാറ്റം, രാജി, അംഗത്വത്തിന് അയോഗ്യത കൽപ്പിക്കൽ തുടങ്ങിയ കാരണങ്ങളാൽ ഒഴിവുവന്നാൽ ബന്ധപ്പെട്ട ഔദ്യോഗിക ഭാരവാഹികൾ ഉൾപ്പെടെയുള്ള നിർവാഹക സമിതി ആ സ്ഥാനം പൂർത്തിയാക്കുവാനുള്ള കാലത്തേക്ക് നാമനിർദേശം ചെയ്ത് നികത്താവുന്നതാണ്. |
| 10 (1). പ്രസിഡന്റ്, ബ്രാഞ്ച് / സംസ്ഥാന അസോസിയേ ഷൻ അദ്ധ്യക്ഷത വഹിക്കുക യും ബ്രാഞ്ച് സംസ്ഥാന അസോസിയേഷന്റെ പ്രവർത്ത നങ്ങൾ സംയോജിപ്പിച്ച് കൊണ്ടു പോകുന്നതിൽ മേൽ നോട്ടം വഹിക്കുകയും ചെയ്യുക | 10 (1). പ്രസിഡന്റ്, ജില്ല / സംസ്ഥാന കമ്മറ്റികളുടെ എല്ലാ യോഗങ്ങളിലും അദ്ധ്യക്ഷത വഹിക്കുകയും ജില്ല / സംസ്ഥാന കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് കൊണ്ടു പോകുന്നതിൽ മേൽനോട്ടം വഹിക്കുകയും ചെയ്യുക |
| 10. (3). സെക്രട്ടറി / ജനറൽ സെക്രട്ടറി ബ്രാഞ്ച്/ സംസ്ഥാന അസോസിയേഷന്റെ യോഗങ്ങൾ വിളിച്ചു കൂട്ടുന്നതിനും യോഗ ങ്ങളുടെ മിനിട്സ് രേഖപ്പെടുത്തുന്നതിനും, അസോസിയേഷൻ കാര്യങ്ങൾ സംബ ന്ധിച്ചും, പൊതുവായുള്ള എഴുത്തുകുത്തു കൾ നടത്തുന്നതിനും അസോസിയേഷന്റെ വിവിധ പ്രവർത്തനങ്ങൾ നിയന്ത്രിച്ച് കൊണ്ടുപോകുന്നതിനും ഉത്തരവാദ പ്പെട്ടിരിക്കും, സെക്രട്ടറി/ജനറൽ സെക്രട്ടറിയുടെ അഭാവത്തിൽ ജോയിന്റ് സെക്രട്ടറി ഈ ചുമതലകൾ നിർവഹിക്കു ന്നതായിരിക്കും. | 10. (3). സെക്രട്ടറി / ജനറൽ സെക്രട്ടറി ജില്ല / സംസ്ഥാന കമ്മിറ്റിയുടെ യോഗങ്ങൾ വിളിച്ചു കൂട്ടുന്നതിനും യോഗങ്ങളുടെ മിനിട്സ് രേഖപ്പെടുത്തുന്നതിനും, അസോസിയേഷൻ കാര്യങ്ങൾ സംബന്ധിച്ചും, പൊതുവായുള്ള എഴുത്തുകുത്തുകൾ നടത്തുന്നതിനും അസോസിയേഷന്റെ വിവിധ പ്രവർത്തനങ്ങൾ നിയന്ത്രിച്ച് കൊണ്ടു പോകുന്നതിനും ഉത്തരവാദപ്പെട്ടിരിക്കും, സെക്രട്ടറി / ജനറൽ സെക്രട്ടറിയുടെ അഭാവത്തിൽ ജോയിന്റ് സെക്രട്ടറി ഈ ചുമതലകൾ ഏറ്റെടുത്ത് നിർവഹിക്കുന്നതായിരിക്കും |
| 10 (4) ഖജാൻജി അസോസിയേഷൻ ഫണ്ടിന്റെ ചുമതലയും ശരിയായ വരവ് ചെലവ് കണ ക്കുകൾ സൂക്ഷിക്കുന്ന തിനും, കണക്കുകളുടെ ഓഡിറ്റിനും സാമ്പത്തിക അച്ചടക്കം കർശനമായി ഉറപ്പ് വരുത്തുന്നതിനും ബ്രാഞ്ച്/സംസ്ഥാന അസോസിയേഷൻ ഫണ്ടുകൾ സൂക്ഷിച്ച് നിയന്ത്രിക്കുന്നതിനും ഉത്തരവാദി ഖജാൻജി ആയിരിക്കും | 10 (4) ഖജാൻജി അസോസിയേഷൻ ഫണ്ടിന്റെ ചുമതലയും ശരിയായ വരവ് ചെലവ് കണക്കുകൾ സൂക്ഷിക്കുന്നതിനും, കണക്കുകളുടെ ഓഡിറ്റിനും സാമ്പത്തിക അച്ചടക്കം കർശനമായി ഉറപ്പ് വരുത്തുന്നതിനും ജില്ലാ കമ്മിറ്റി / സംസ്ഥാന കമ്മിറ്റി ഫണ്ടുകൾ സൂക്ഷിച്ച് നിയന്ത്രിക്കുന്നതിനും ഉത്തരവാദി ഖജാൻജി ആയിരിക്കും |
| 10. (5) ഔദ്യോഗിക ഭാരവാഹികൾക്ക് ഒരു സമയം ചെലവ് ചെയ്യാൻ അധികാ രമുള്ള തുകകൾ താഴെപറയും പോലെ യായിരിക്കും | 10. (5) ഔദ്യോഗിക ഭാരവാഹികൾക്ക് ഒരു സമയം ചെലവ് ചെയ്യാൻ അധികാരമുള്ള തുകകൾ താഴെ പറയും പോലെയായിരിക്കും |
| 10 (5)(എ).സംസ്ഥാന അസോസിയേഷൻ പ്രസിഡന്റ്/ സംസ്ഥാന ജനറൽ സെക്രട്ടറി-250/- രൂപ | 10 (5) (എ). സംസ്ഥാന പ്രസിഡന്റ് / സംസ്ഥാന ജനറൽ സെക്രട്ടറി-2500/- രൂപ |

Scanned by CamScanner

| | |
|---|---|
| 10 (5). (ബി). സ്മസ്ഥാന അസോസിയേഷൻ ഖജാൻജി -250/- രൂപ | 10 (5). (ബി). സംസ്ഥാന ഖജാൻജി -2000/- രൂപ |
| 10 (5). (സി). സംസ്ഥാന അസോസിയേഷൻ പ്രസിഡന്റ് / സെക്രട്ടറി 250/- രൂപ | 10 (5). (സി). ജില്ലാ പ്രസിഡന്റ് / സെക്രട്ടറി - 1000/- രൂപ |
| 10 (5). (ഡി). ബ്രാഞ്ച് അസോസിയേഷൻ ഖജാൻജി- 250/- രൂപ | 10 (5). (ഡി ) ജില്ലാ ഖജാൻജി- 500/- രൂപ |
| 10 (6). നിർവാഹക സമിതി: നിർവാഹക സമിതി ബ്രാഞ്ച് സംസ്ഥാന അസോസിയേഷന്റെ ഔദ്യോഗിക ഭാര വാഹികളെ നല്ല നിലയിലും കാര്യ ക്ഷമമായുള്ള പ്രവർത്തനങ്ങളിൽ സഹായി ക്കേണ്ടതാണ്. നിർവാഹകസമിതി ബ്രാഞ്ച് സംസ്ഥാന അസോസിയേഷന്റെ ദൈനം ദിന പ്രവർത്തനങ്ങൾ നിയന്ത്രിക്കു ന്നതിലും പൊതുയോഗത്തിന്റെയും സാധാ രണ പൊതുയോഗത്തിന്റെ യും കാര്യപരിപാടികൾ തയ്യാറാക്കുന്ന തിലും പ്രമേയങ്ങളും ശുപാർശ കളും രൂപപ്പെടുത്തുന്നതിലും മറ്റും ഔദ്യോഗിക ഭാരവാഹികളെ സഹായിക്കേണ്ടതാണ്. | 10 (6). നിർവാഹക സമിതി: നിർവാഹക സമിതി ജില്ല / സംസ്ഥാന കമ്മിറ്റി ഔദ്യോഗിക ഭാരവാഹികളെ നല്ല നിലയിലും കാര്യക്ഷമമായുള്ള പ്രവർത്തനങ്ങളിൽ സഹായി ക്കേണ്ടതാണ്. നിർവാഹക സമിതി ജില്ലാ സംസ്ഥാന കമ്മിറ്റിയുടെ ദൈനംദിന പ്രവർത്ത നങ്ങൾ നിയന്ത്രിക്കുന്നതിലും പൊതുയോഗ ത്തിന്റെയോ. പ്രത്യേക യോഗത്തിന്റെയോ സാധാരണ യോഗത്തിന്റെയോ കാര്യപരിപാടി കൾ തയ്യാറാക്കുന്നതിലും പ്രമേയങ്ങളും ശുപാർശകളും രൂപപ്പെടുത്തുന്നതിലും മറ്റും ഔദ്യോഗിക ഭാരവാഹികളെ സഹായിക്കേ ണ്ടതാണ്. |
| | 10 (7) ജില്ലാ / സംസ്ഥാന അസോസിയേഷന്റെ പരമാധികാരം ജില്ലാ / സംസ്ഥാനകമ്മിറ്റിക്കാ യിരിക്കും. അസോസിയേഷനുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും ബന്ധപ്പെട്ട കമ്മിറ്റിയുടെ ഹാജരുള്ള അംഗങ്ങളുടെ ഭൂരിപക്ഷ തിരുമാനമായിരിക്കും നിലനിൽക്കുക. അസോസി യേഷന്റെ പ്രവർത്തനങ്ങളിൽ ജില്ലാ/ സംസ്ഥാന കമ്മിറ്റി യോഗം പൊതുവായ മേൽനോട്ടം വഹിക്കുകയും അസോസിയേഷന്റെ ഉദ്ദേശ ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിനാവശ്യമായ എല്ലാ നടപടികളും കൈക്കൊള്ളുകയോ അതിൽ നിർവാഹക സമിതിയോട് നിർദേശിക്കുകയോ ചെയ്യേണ്ടതാണ്. |
| 10 (8). ജനറൽ ബോഡിയോഗം ബ്രാഞ്ച് സംസ്ഥാന അസോസിയേഷന്റെ റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും വാങ്ങിച്ച് പരിഗണിക്കുകയും മുൻ യോഗത്തിനു ശേഷമുള്ള പ്രവർത്തനം വിലയിരുത്തുകയും ചെയ്യേണ്ടതാണ്. | 10 (8). ജനറൽ ബോഡി ജില്ലാ സംസ്ഥാന കമ്മിറ്റികളുടെ റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും വാങ്ങിച്ച് പരിഗണിക്കുകയും മുൻ യോഗത്തിനുശേഷമുള്ള പ്രവർത്തനം വിലയിരുത്തുകയും ചെയ്യേണ്ടതാണ്. |

Scanned by CamScanner

| | |
|---|---|
| 11. ബ്രാഞ്ച് അസോസിയേഷന്റെ ജനറൽ ബോഡി യോഗവും യൂണിറ്റ്/ നിയോജക മണ്ഡല യോഗവും. | 11. ജില്ലാ / സംസ്ഥാന അസോസിയേഷന്റെ ജനറൽ ബോഡി യോഗവും യൂണിറ്റ് / നിയോജക മണ്ഡല യോഗവും |
| 11(1) (എ). നിയോജക മണ്ഡലത്തിലെ അംഗങ്ങൾ ചുരുങ്ങിയത് 12 മാസത്തിലൊരിക്കലെങ്കിലും യോഗം കൂടിയിരിക്കണം. | 11(1) (എ). യൂണിറ്റ് നിയോജക മണ്ഡലത്തിലെ അംഗങ്ങൾ ചുരുങ്ങിയത് 6 മാസത്തിലൊരിക്കലെങ്കിലും യോഗം കൂടിയിരിക്കണം |
| 11 (1) (ബി). ബ്രാഞ്ച് അസോസിയേഷന്റെ ബ്രാഞ്ച് ഇലക്ടറൽ കോളേജ് / പൊതു യോഗം ചുരുങ്ങിയത് 6 മാസത്തിലൊരിക്കലെങ്കിലും കൂടിയിരിക്കണം. | 11 (1) (ബി). ജില്ലാ അസോസിയേഷന്റെ ജില്ലാ കമ്മിറ്റി യോഗം 6 മാസത്തിൽ 2 തവണയെങ്കിലും കൂടിയിരിക്കണം |
| 11 (1) (സി). സംസ്ഥാന അസോസിയേഷന്റെ (സംസ്ഥാന ഇലക്ടറൽ കോളേജ്) ജനറൽബോഡി യോഗം ചുരുങ്ങിയത് 12 മാസത്തിലൊരിക്കലെങ്കിലും കൂടിയിരിക്കണം. | 11 (1) (സി). സംസ്ഥാന അസോസിയേഷന്റെ സംസ്ഥാന കമ്മിറ്റിയോഗം വർഷത്തിൽ രണ്ട് തവണയെങ്കിലും കൂടിയിരിക്കണം. |
| | 11 (1) (ഡി). സംസ്ഥാന കമ്മിറ്റിക്ക് ആവശ്യമെന്ന് കണ്ടാൽ ജില്ലാ പ്രസിഡന്റ് / സെക്രട്ടറി / സംസ്ഥാന നിർവാഹക സമിതി അംഗങ്ങൾ അടങ്ങിയ സംയുക്ത യോഗങ്ങൾ ഒരു വർഷം 4 തവണ വിളിച്ചു ചേർക്കാവുന്നതാണ്. |
| 11 (2). നിയോജക മണ്ഡല യോഗങ്ങളും, ബ്രാഞ്ച് അസോ സിയേഷന്റെ ജനറൽ ബോഡി യോഗവും സംസ്ഥാന അസോസിയേഷന്റെ ജനറൽ ബോഡി യോഗവും കഴിയാവുന്നിടത്തോളം നിയോജക മണ്ഡലയോഗം തുടങ്ങി കാലാനുസൃതമായി നടത്തിയിരിക്കണം. യോഗങ്ങൾ നടത്തുന്നതിനുള്ള സമയവിവരം നിർവ്വാഹക സമിതിക്ക് തയ്യാറാക്കാവുന്നതാണ്. | 11 (2). യൂണിറ്റ് നിയോജക മണ്ഡലം യോഗങ്ങളും, ജില്ലാ കമ്മിറ്റി ജനറൽ ബോഡി യോഗവും സംസ്ഥാന അസോസിയേഷന്റെ ജനറൽ ബോഡി യോഗങ്ങളും സംസ്ഥാന കമ്മിറ്റി ജനറൽബോഡി യോഗവും കഴിയാവുന്നിടത്തോളം നിയോജക മണ്ഡലയോഗം തുടങ്ങി കാലാനുക്രമമായി നടത്തിയിരിക്കണം. യോഗങ്ങൾ നടത്തുന്നതിനുള്ള സമയ വിവരം നിർവ്വാഹക സമിതിക്ക് തയ്യാറാക്കാവുന്നതാണ്. |
| 11(3). ബ്രാഞ്ച് സംസ്ഥാന അസോസിയേഷന്റെ വിശേഷാൽ പൊതുയോഗങ്ങൾ അതി ന്റെ നാലിലൊന്ന് അംഗങ്ങളുടെയോ, അല്ലെങ്കിൽ നിർവാഹക സമിതിയുടെയോ ആവശ്യ പ്രകാരം വിളിച്ചുകൂട്ടേണ്ടതാണ്. | 11(3). ജില്ലാ / സംസ്ഥാന അസോസിയേഷന്റെ വിശേഷാൽ പൊതുയോഗങ്ങൾ അതിന്റെ നാലിലൊന്ന് അംഗങ്ങളുടെയോ അല്ലെങ്കിൽ നിർവാഹക സമിതിയുടെയോ ആവശ്യപ്രകാരം വിളിച്ചു കൂട്ടേണ്ടതാണ്. |

Scanned by CamScanner

| | |
|---|---|
| 11(5). ബ്രാഞ്ച് അസോസിയേഷന്റെയോ സംസ്ഥാന അസോസിയേഷന്റെയോ എല്ലാ നിലവാരത്തി ലുമുള്ള എല്ലാ യോഗങ്ങളും യൂണിറ്റ് മേധാവിയുടേയോ വകുപ്പ് അദ്ധ്യക്ഷന്റെയോ ഏതാണെന്ന് വച്ചാൽ അവരുടെ മുൻ കൂട്ടിയുള്ള അറിവോടുകൂടി മാത്രമേ നടത്താവൂ. | 11(5). ജില്ലാ അസോസിയേഷന്റെയോ സംസ്ഥാന അസോസിയേഷന്റെയോ എല്ലാ നിലവാരത്തിലുമുള്ള എല്ലാ യോഗങ്ങളും യൂണിറ്റ് മേധാവിയുടെയോ വകുപ്പ് അദ്ധ്യക്ഷന്റെയോ ഏതാണെന്ന് വച്ചാൽ അവരുടെ മുൻകൂട്ടിയുള്ള അറിവോടുകൂടി മാത്രമേ നടത്താവൂ |
| 11(13). നിയോജക മണ്ഡലത്തി ന്റെയോ ബ്രാഞ്ച് അസോസിയേ ഷന്റെയോ സംസ്ഥാന അസോസിയേഷന്റെയോ യോഗങ്ങളിൽ അർഹതയുള്ളവരും യോഗ്യ തയുള്ളവരുമായ അംഗംങ്ങൾ മാത്രമേ പങ്കെടുക്കാവൂ. | 11(13). യൂണിറ്റ് / നിയോജക മണ്ഡലത്തിന്റെയോ ജില്ല അസോസിയേഷ ന്റെയോ സംസ്ഥാന അസോസിയേഷന്റെയോ യോഗങ്ങളിൽ അർഹതയുള്ളവരും യോഗ്യത യുള്ളവരുമായ അംഗങ്ങൾ മാത്രമേ പങ്കെടുക്കാവൂ. |
| 12. ധനകാര്യങ്ങൾ | 12. ധനകാര്യങ്ങൾ |
| 12 (5). ബ്രാഞ്ച് അസോസിയേഷൻ / സംസ്ഥാന അസോസിയേഷൻ | 12 (5). ജില്ലാ കമ്മിറ്റി / സംസ്ഥാന കമ്മിറ്റി |
| | 12 (8). പ്രവർത്തനങ്ങളുടെ സുതാര്യതക്കും കാര്യക്ഷമതക്കും ആവശ്യമായ രജിസ്റ്ററുകളും റിക്കോർഡുകളും ഉണ്ടാക്കി സൂക്ഷിക്കേണ്ടതാണ്. |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ദീപാ ദേവി .എസ്
അഡീഷണൽ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം
സെക്രട്ടറി, കേരള പോലീസ് അസോസിയേഷൻ,
അക്കൗണ്ടന്റ് ജനറൽ ( എ ആന്റ് ഇ) കേരള, തിരുവനന്തപുരം
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
കരുതൽ ഫയൽ/ ആഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Scanned by CamScanner

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**ആഭ്യന്തര വകുപ്പ്- കേരള പോലീസ് അസോസിയേഷൻ ഭരണഘടന -ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ആഭ്യന്തരം (രഹസ്യ വിഭാഗം-ബി) വകുപ്പ്**

**സ.ഉ.(കൈ) നം.111/2018/ആഭ്യന്തരം** **തീയതി,തിരുവനന്തപുരം, 06/07/2018**

---

പരാമർശം:- 1. സർക്കാർ ഉത്തരവ് (കൈ) 134/79/ആഭ്യന്തരം തീയതി 04/10/1979.

2. സർക്കാർ ഉത്തരവ് (കൈ) 81/98/ആഭ്യന്തരം തീയതി 16/04/1998.

3. സർക്കാർ ഉത്തരവ് (കൈ) 23/04/ആഭ്യന്തരം തീയതി 12/01/2004.

4. സർക്കാർ ഉത്തരവ് (കൈ) 47/10/ആഭ്യന്തരം തീയതി 15/02/2010.

5. സർക്കാർ ഉത്തരവ് (കൈ) 76/13/ആഭ്യന്തരം തീയതി 23/03/2013.

6. സർക്കാർ ഉത്തരവ് (കൈ) 178/15/ആഭ്യന്തരം തീയതി 20/08/2015.

7. സംസ്ഥാന പോലീസ് മേധാവിയുടെ 13/06/2018 ലെ സി4/87512/2018 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം നിലവിൽ വന്നതും പരാമർശം (2) മുതൽ (6) വരെയുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതുമായ കേരള പോലീസ് അസോസിയേഷന്റെ നിലവിലെ ഭരണ ഘടനയിലെ ചില വകുപ്പുകൾ ഭേദഗതി ചെയ്യണമെന്ന കേരളാ പോലീസ് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ ആവശ്യത്തിന്മേൽ നടപടികൾ സ്വീകരിക്കണമെന്നു സൂചന (7) പ്രകാരം സംസ്ഥാന പോലീസ് മേധാവി സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്.

സംസ്ഥാന പോലീസ് മേധാവിയുടെ പ്രസ്തുത ശിപാർശ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള പോലീസ്

അസോസിയേഷന്റെ നിലവിലുള്ള ഭരണഘടനയിൽ ചുവടെ ചേർത്തിരിക്കുന്ന ഭേദഗതികൾ വരുത്തി ഉത്തരവാകുന്നു.

| നിലവിലുള്ളത് | ഭേദഗതി |
|---|---|
| 7(2)(ബി) (5) ടെലി കമ്മ്യൂണിക്കേഷൻ ,കേരള പോലീസ് അക്കാദമി എന്നീ വിഭാഗങ്ങളിലെ എല്ലാ യോഗ്യരായ അംഗങ്ങളും ചേർന്ന് ഓരോ നിയോജകമണ്ഡലമായിരിക്കും. | 7(2)(ബി) (5) ടെലി കമ്മ്യൂണിക്കേഷനിൽ നിലവിലെ ഓരോ സബ് യൂണിറ്റുകളും ഓരോ നിയോജക മണ്ഡലമായിരിക്കും. അതിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളായിരിക്കും ടെലികമ്മ്യൂണിക്കേഷൻ ജില്ലാ കമ്മിറ്റി.<br><br>കേരള പോലീസ് അക്കാദമിയിലെ എല്ലാ യോഗ്യരായ അംഗങ്ങളും ചേർന്ന് ഒരു നിയോജക മണ്ഡലമായിരിക്കും. |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRIYA MOL.M.P.
അണ്ടര് സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
ജനറൽ സെക്രട്ടറി ,കേരള പോലീസ് അസോസിയേഷൻ.
അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by ARUN R B
Date: 2018.07.0[illegible]:00:35 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ് - മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി .